
## പെരുന്നാളും ഷോപ്പിംഗും

ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ട ആധുനികസമൂഹത്തെ ബാധിച്ച രോഗമാണ് വസ്ത്രഭ്രമം. ആഘോഷാവസരങ്ങളിൽ ഇതിന്റെ തോത് ക്രമാതീതമായി കൂടുകയും ചെയ്യും. ആഘോഷദിനങ്ങളിൽ പുതുവസ്ത്രം ധരിക്കുന്നതിനെ നിരുൽസാഹപ്പെടുത്താത്ത ഇസ്‌ലാം ധൂർത്തിനെയും ദുർവ്യയത്തെയും ശക്തമായി അപലപിക്കുകയും ചെയ്യുന്നുണ്ട് എന്ന വസ്തുത കണക്കിലെടുത്ത് വേണം നാം നമ്മുടെ ഷോപ്പിംഗ് നയം രൂപപ്പെടുത്താൻ.



VOL NO: 03 | ISSUE 21

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 MAY 25 | ₹12

# ഇസ്‌ലാമും യുദ്ധവും: തിരുത്തപ്പെടേണ്ട ധാരണകൾ

അസഹിഷ്ണുതയുടെയും അതിക്രമത്തിന്റെയും മതമായിട്ടാണ് ഇസ്‌ലാമിനെ വിമർശകർ പരിചയപ്പെടുത്താറുള്ളത്. മുസ്‌ലിംകൾ നേതൃത്വം നൽകിയ ചെറുതും വലുതുമായ യുദ്ധങ്ങളെയെല്ലാം ഇതിന് ഉദാഹരണമായി അവർ എടുത്തുദ്ധരിക്കാറുമുണ്ട്. യുദ്ധത്തെ കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാടെന്താണ്? പ്രവാചക കാലഘട്ടത്തിൽ എന്തെല്ലാം കാരണങ്ങളാലാണ് യുദ്ധങ്ങൾ അരങ്ങേറിയത്? ഇസ്‌ലാമിക പ്രമാണങ്ങൾക്ക് യുദ്ധങ്ങളെ കുറിച്ച് എന്തെല്ലാം പറയാനുണ്ട്?

|| ആദർശ ധീരതയുടെ ബദ്ർ

|| നനവുള്ള നാവും മയമുള്ള മനസ്സും

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0123 / 2019 മെയ് 25 / 1440 റമദാൻ 10 / പുസ്തകം 03 / ലക്കം 21

# ഇസ്‌ലാമും യുദ്ധവും തിരുത്തപ്പെടേണ്ട ധാരണകൾ

ശമീർ മദീനി / 10

**മുഖമൊഴി**
പെരുന്നാളും ഷോപ്പിംഗും / 05
എഡിറ്റർ

**ക്വുർആൻ ദർശനം**
മുർസലാത്ത് (അയക്കപ്പെടുന്നവ) / 14
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ചരിത്രപഥം**
ഈസാ നബി عليه السلام യുടെ മരണം / 21
ഹുസൈൻ സലഫി, ഷാർജ

**ബാലപഥം**
കർഷകനും കറുത്ത കല്ലുകളും / 26
ഉസ്മാൻ പാലക്കാഴി

**ലേഖനം**
ആദർശ ധീരതയുടെ ബദ്ർ / 06
അബുൽ ഫദ്ൽ ഇഹ്സാനുൽ ഹഖ്

മുഹമ്മദ് നബി ﷺ മദീനയിൽ / 16
ഫദ്‌ലുൽ ഹഖ് ഉമരി

നോമ്പോർമയുടെ ലോകാനുഭവങ്ങൾ, ഭാഗം: 2 / 18
ഷാമില തിരുതാലമ്മൽ സൗത്ത് കൊറിയ

ഇൽഫതുൽ ഇസ്‌ലാമിന്റെ ഇതളുകളിൽ വിരിയുന്ന ഇസ്‌ലാമിക സമാജം / 28
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

നനവുള്ള നാവും മയമുള്ള മനസ്സും / 34
ഡോ. മുഹമ്മദ് റാഫി.സി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 9207525244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



## ക്വുർആൻ അർഥമറിഞ്ഞ് പാരായണം ചെയ്യുക

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ" (ക്വുർആൻ 2:185).

വിശ്വാസികൾ ക്വുർആനുമായി കൂടുതൽ അടുക്കുന്ന മാസമാണ് റമദാൻ. നന്നായി പാരായണം ചെയ്യാൻ കഴിയുന്നവരും അല്ലാത്തവരും സാധിക്കുന്നത്ര ഈ മാസത്തിൽ ക്വുർആൻ ഓതാറുണ്ട്.

റമദാൻ മാസത്തിൽ മുൻഗാമികൾ ക്വുർആൻ പാരായണം അധികരിപ്പിക്കുമായിരുന്നു. ചിലർ റമദാൻ മാസത്തിലെ ഓരോ മൂന്നു രാത്രിയിലും ക്വുർആൻ മുഴുവനും പൂർത്തിയാക്കുമായിരുന്നു. പലരും ഏഴു ദിസത്തിലും പത്തുദിവസത്തിലുമെല്ലാം ക്വുർആൻ ഓതിത്തീർക്കുമായിരുന്നു. അബൂറജാഉൽ അൻസ്വാരി ﷺ, അസ്‌വദ് ﷺ തുടങ്ങിയവർ റമദാനിലെ ഓരോ രണ്ടു രാത്രിയിലും ക്വുർആൻ ഓതി പൂർത്തിയാക്കിയിരുന്നവരിൽ പ്രമുഖരാണ്.

ക്വുർആൻ സൂക്തങ്ങളുടെ അർഥം മനസ്സിലാക്കിയും ചിന്തിച്ചും അവയിലെ വിധിവിലക്കുകൾ അറിഞ്ഞുകൊണ്ടും പാരായണം ചെയ്യുന്നവർക്കാണ് അത് ഗുണം ചെയ്യുകയെന്ന് പറയേണ്ടതില്ലല്ലോ. കാരണം അത്തരക്കാർക്കാണ് കൽപനകളടങ്ങിയ ആയത്തുകളിലൂടെ കടന്നുപോകുമ്പോൾ അത് ഉൾക്കൊള്ളാനും വിലക്കുകളടങ്ങിയ വചനങ്ങൾ വരുമ്പോൾ അവ വെടിയാനും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വചനങ്ങൾ പാരായണം ചെയ്യുമ്പോൾ അതിൽ ആഗ്രഹിച്ച് അല്ലാഹുവിനോട് കാരുണ്യം തേടുവാനും ശിക്ഷയുടെ വചനങ്ങൾ വരുമ്പോൾ ഭയന്ന്കാണ്ട് അതിൽനിന്ന് രക്ഷതേടുവാനുമെല്ലാം കഴിയുക. അല്ലാഹു പറയുന്നു:

"നിനക്കു നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാന്മാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി"(ക്വുർആൻ 38:29).

സന്ദേശങ്ങൾ മനസ്സിലാക്കിയാൽ ഉൽബുദ്ധരാകുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും കഴിയും; അല്ലാഹു ഉദ്ദേശിച്ചാൽ.

പൊതുവായുള്ള ക്വുർആൻ പാരായണം ശ്രേഷ്ഠമായ കർമവും പ്രതിഫലാർഹവുമാണെന്നതിൽ സംശയമില്ല. നബി ﷺ പറഞ്ഞു:

"നിങ്ങൾ ക്വുർആൻ ഓതുക; നിശ്ചയമായും അത് അന്ത്യനാളിൽ അതിന്റെ ആളുകൾക്ക് ശുപാർശകനായി വരുന്നതാകുന്നു" (സ്വഹീഹുൽ ജാമിഅ്: 1165).

"ആരെങ്കിലും അല്ലാഹുവിന്റെ കിതാബിൽനിന്ന് ഒരു അക്ഷരം ഓതിയാൽ അതിനു പകരം അവന് ഒരു നന്മയുണ്ട്. നന്മയാകട്ടെ പത്തിരട്ടി പ്രതിഫലമുള്ളതാണ്. അലിഫ്, ലാം, മീം എന്നുള്ളത് ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. അലിഫ് ഒരക്ഷരവും ലാം മറ്റൊരക്ഷരവും മീം മറ്റൊരക്ഷരവുമാണ്" (സ്വഹീഹുൽ ജാമിഅ്: 6469).

വിശ്വാസിയുടെ ജീവിതത്തിൽ ക്വുർആൻ പാരായണം കൂടുതൽ ഭക്തിയേകുന്നതും വെളിച്ചവുമായിത്തീരും. ദേഹേച്ഛയുടെ സ്വാധീനം കുറയുകയും ആത്മാവിന്റെ പ്രേരണ വർധിക്കുകയും ചെയ്യുന്ന റമദാൻ മാസത്തിൽ ക്വുർആൻ വിശ്വാസിയുടെ ജീവിതത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുമെന്നതിൽ സംശയമില്ല.

**-അബൂത്വാഹിർ, തിരൂർ**

### സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, PB.NO: 597, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# പെരുന്നാളും ഷോപ്പിംഗും

**നോ**മ്പ് തുടങ്ങിയ ഉടൻ പെരുന്നാളിന് പുതുവസ്ത്രം വാങ്ങുന്നതിനെക്കുറിച്ചുള്ള ചിന്ത പലരുടെയും ഉള്ളിൽ നാമ്പെടുക്കുമെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല. ഇത്തവണ പെരുന്നാൾ വസ്ത്രം ഏത് കടയിൽ നിന്ന് വാങ്ങും, ഏത് മോഡൽ വാങ്ങും എന്നൊക്കെ ചിന്തിക്കാത്തകൗമാരക്കാർ വിരളമായിരിക്കും.

രണ്ട് പെരുന്നാളുകൾ മാത്രമാണ് മുസ്‌ലിംകൾക്ക് മതപരമായ ആഘോഷം. പെരുന്നാൾ ദിനത്തിൽ ഉള്ളതിൽ നല്ല വസ്ത്രമാണ് ധരിക്കേണ്ടത്; പുതുവസ്ത്രം തന്നെ വേണം എന്നില്ല. എന്നാൽ പുതിയത് വാങ്ങാൻ കഴിവുള്ളവർക്ക് വാങ്ങാം. പെരുന്നാൾ ദിനത്തിൽ നല്ലവസ്ത്രം ധരിക്കാൻ ഇല്ലാത്തവരും പുതിയത് വാങ്ങാൻ സാമ്പത്തിക ശേഷിയില്ലാത്തവരുമായ സാധുക്കളെ കഴിവുള്ളവർ സഹായിക്കുവാൻ സന്മനസ്സ് കാണിക്കേണ്ടതുണ്ട്. അയൽപക്കത്തെ കുട്ടികൾ പുതുവസ്ത്രം ധരിച്ച് പുറത്തിറങ്ങുന്നത് കാണുന്ന പാവപ്പെട്ടവന്റെ കുട്ടിയുടെ സങ്കടവും അവന്റെ സങ്കടം കാണുന്ന രക്ഷിതാക്കളുടെ വേദനയും പരിഹരിക്കപ്പെടേണ്ടതാണ്.

റമദാൻ മാസത്തിലെ അവസാനത്തെ പത്തിലേക്ക് പ്രവേശിച്ചാൽ തുണിക്കടകളെല്ലാം സ്ത്രീകളെയും കുട്ടികളെയും കൊണ്ട് നിറഞ്ഞുകവിയുന്ന കാഴ്ച കാണാം. ഏറ്റവും പുണ്യം നിറഞ്ഞ ദിവസങ്ങളിൽ കൂടുതൽ ആരാധനകളിൽ ഏർപ്പെടാനുള്ള അസുലഭ സമയമങ്ങളാണ് അതുവഴി നഷ്ടമാകുന്നതെന്ന് അവർ ഓർക്കുന്നില്ല. നോമ്പിനു തൊട്ട് മുമ്പുതന്നെ പുതുവസ്ത്രം വാങ്ങിവെക്കലാണ് ഇതിനുള്ള പരിഹാര മാർഗം. ആഴ്ചകൾക്ക് മുമ്പ് മാത്രം കുടുംബത്തിലെ വിവാഹത്തിന് വിലകൂടിയ വസ്ത്രം വാങ്ങിയവരും പെരുന്നാളിന്റെ പേരിൽ പുതിയത് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതല്ല.

ഉപഭോഗസംസ്‌കാരത്തിന് അടിമപ്പെട്ട ആധുനികസമൂഹത്തെ ബാധിച്ച ഒരു രോഗമാണ് വസ്ത്രഭ്രമം എന്നു പറഞ്ഞാൽ തെറ്റില്ല. മിക്ക കുടുംബങ്ങളുടെയും വരുമാനത്തിന്റെ നല്ലൊരു പങ്ക് തുണിക്കടകളിൽ ചെലവഴിക്കപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ആഘോഷാവസരങ്ങളിലും ഇടയ്ക്കിടെ കുടുംബങ്ങളിൽ നടക്കുന്ന വിവാഹങ്ങളിലും പണം വായ്പ വാങ്ങിയിട്ടെങ്കിലും ഷോപ്പിംഗ് നടത്താൻ ആളുകൾ നിർബന്ധം കാണിക്കുന്നു.

കൗമാരക്കാർ ഒരു വസ്ത്രം വാങ്ങി ഏതാനും മാസം കഴിയുമ്പോഴേക്കും അത് 'ഔട്ട് ഓഫ് ഫേഷൻ' ആയി മാറുന്നു. അതോടെ പുതുമ നഷ്ടപ്പെടാത്ത ആ വസ്ത്രം അലമാരയുടെ മൂലയിൽ ഒതുങ്ങുന്നു. പിന്നെ പുതിയ ഏതെങ്കിലും സിനിമയുടെയോ പാട്ടിന്റെയോ പേരിട്ട് ഇറങ്ങിയ പുതിയ മോഡൽ വസ്ത്രം വാങ്ങാനുള്ള വെമ്പലായി. അതോടെ രക്ഷിതാക്കളുടെ തലവേദന ആരംഭിക്കും. എത്ര പ്രയാസപ്പെട്ടാലും മക്കളുടെ ആവശ്യം നിറവേറ്റാൻ അവർ നിർബന്ധിതരാകും. അതോടെ സാധാരണക്കാരന്റെ കുടുംബ ബജറ്റ് തകിടംമറിയും.

ഒരു ചെറുകിട തുണിക്കടയിലുള്ള അത്ര വസ്ത്രങ്ങൾ ഇന്ന് മിക്കവീടുകളിലെയും അലമാരകളിൽ നിറഞ്ഞുകിടക്കുന്നുണ്ടാകും. അടുക്കിവെക്കാൻ സ്ഥലമില്ലാത്ത അവസ്ഥ പോലും ചില വീടുകളിലുണ്ടാകും. ഉടുതുണിക്ക് മറുതുണിയില്ലാതെ എത്രയോ മനുഷ്യർ കഷ്ടപ്പെടുമ്പോൾ നമുക്ക് വസ്ത്രത്തിന്റെ ആധിക്യമാണ് പ്രശ്‌നം സൃഷ്ടിക്കുന്നത്.

വേണം ഈ വസ്ത്രഭ്രമത്തിൽനിന്ന് മോചനം. ആവശ്യമാണെങ്കിൽ മാത്രം വാങ്ങുക എന്ന നിലപാടിലേക്ക് നാം എത്തണം. മറ്റുള്ളവർ ചെയ്യുന്നത് കണ്ട് അത് മാതൃകയാക്കേണ്ടതില്ല. പൊള്ളയായ പൊങ്ങച്ച പ്രകടനത്തിനുവേണ്ടി ഒരുങ്ങിപ്പുറപ്പെടുന്നതിന് മുമ്പ് ഒരു നിമിഷം ചിന്തിക്കുന്നത് നന്നായിരിക്കും. ●

ലേഖനം

അബുൽ ഫദ്‌ൽ ഇഹ്സാനുൽ ഹഖ്
mail@nerpatham.com



# ആദർശ ധീരതയുടെ ബദ്ർ

**പ്ര**മാണബന്ധിതമായ വിശ്വാസങ്ങളാലും ആചാരങ്ങളാലും പരിപൂർണമാക്കപ്പെട്ട മതമാണ് ഇസ്‌ലാം. ഒരു മുസ്‌ലിം അവന്റെ ജീവിതത്തിലെ ഓരോ നിമിഷത്തിലും എന്തു ചെയ്യണമെന്നും എന്ത് ചെയ്യാൻ പാടില്ലെന്നും എന്ത് വിശ്വസിക്കണമെന്നും എന്ത് വിശ്വസിക്കാൻ പാടില്ലെന്നും വളരെ കൃത്യമായി ക്വുർആനും നബിചര്യയും പഠിപ്പിപ്പിക്കുന്നുണ്ട്.

ഒരു വിശ്വാസി തന്റെ ജീവിതത്തിൽ പരലോക വിജയത്തിന് വേണ്ടി നിർബന്ധമായും ഐച്ഛികമായും നിർവഹിക്കുന്ന കർമങ്ങളാണല്ലോ ആരാധനകൾ. അതിൽ പ്രമാണങ്ങൾ പഠിപ്പിച്ചതിനപ്പുറമായി ഒന്നും അധികരിപ്പിക്കുവാനും കുറയ്ക്കുവാനും ആർക്കും അധികാരമില്ല. ഒരു സത്യവിശ്വാസി ചെയ്യുന്ന പ്രവർത്തനങ്ങൾ കൊണ്ട് അവൻ ഉദ്ദേശിക്കുന്നത് അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലവും അവന്റെ സാമീപ്യവുമാണ് എങ്കിൽ അല്ലാഹു എന്താണോ പഠിപ്പിച്ചത് അത് മാത്രമാണ് അവൻ ചെയ്യേണ്ടത്. സ്വർഗവും നരകവും ഒരുക്കിവെച്ചത് അല്ലാഹുവാണ് എങ്കിൽ ആ സ്വർഗത്തിലേക്കുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് നമുക്ക് പഠിപ്പിച്ചുതരേണ്ടതും അല്ലാഹു തന്നെയാണ്. അത്കൊണ്ടു

തന്നെ അല്ലാഹുവിന്റെ കൽപനകൾക്കും നിയമങ്ങൾക്കും അപ്പുറമായി പ്രവർത്തിക്കുവാൻ ഒരു വിശ്വാസിക്ക് പാടുള്ളതല്ല. മതത്തിന്റെ ഭാഗമായി എന്തൊരു കാര്യമാണോ നബിﷺ പഠിപ്പിച്ചു തന്നിട്ടുള്ളത് അതിനെതിരെ പ്രവർത്തിക്കുവാനും ഒരാൾക്കും അനുവാദമില്ല. അത്തരക്കാർക്ക് അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുമെന്നതിൽ സംശയമില്ല.

“തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!” (ക്വുർആൻ 4:115).

ഇത്തരക്കാരുടെ കർമങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യയോഗ്യവും അല്ല. ‘നമ്മുടെ ഈ (മതത്തിന്റെ) കാര്യത്തിൽ വല്ലവനും അതിൽ ഇല്ലാത്തത് കൂട്ടിച്ചേർത്താൽ അത് തള്ളപ്പെടുന്നതാകുന്നു’ എന്നാണല്ലോ നബിﷺ പഠിപ്പിച്ചിട്ടുള്ളത്. നമ്മുടെ പാപങ്ങൾ പൊറുക്കപ്പെടാനും സൽകർമങ്ങളുമായി അല്ലാഹുവിലേക്ക് അടുക്കുവാനുമുള്ള ഏറ്റവും നല്ല ഒരു വേദിയാണ് പരിശുദ്ധ റമദാൻ മാസം. റമദാനിൽ നമ്മൾ നിർവഹിക്കുന്ന ഏതൊരു ആരാധനയും അല്ലാഹു നമ്മോട് കൽപിച്ചതുകൊണ്ട് മാത്രമാണ് നാം നിർവഹിക്കുന്നത്. എന്നാൽ ഈ പരിശുദ്ധ മാസത്തിൽ പോലും നബിﷺയുടെ മാതൃകയില്ലാത്ത ഒട്ടനവധി പുത്തനാചാരങ്ങൾ ചെയ്യുന്നവരെ മുസ്‌ലിം സമൂഹത്തിൽ കാണാൻ കഴിയുന്നു എന്നത് ഏറെ സങ്കടകരമായ കാര്യമാണ്. അത്തരത്തിൽ പെട്ട ഒന്നാണ് ‘ബദ്‌രീങ്ങളുടെ ആണ്ട്’ എന്ന പേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ.

മുസ്‌ലിം സമൂഹത്തിന്റെ അറിവില്ലായ്മയെ ചൂഷണം ചെയ്തുകൊണ്ട് ജീവിക്കുന്ന പൗരോഹിത്യമാണ് ഇതിന്റെയെല്ലാം പിന്നിലുള്ളത്. ഒരു സത്യവിശ്വാസി ഇത്തരം കാര്യങ്ങളിൽ നിന്നെല്ലാം അകന്നു നിൽക്കേണ്ടതാണ്. നബിﷺയുടെയും അനുചരന്മാരുടെയും മദീനാജീവിത കാലഘട്ടത്തിൽ മക്കയിലെ മുശ്‌രിക്കുകളുമായി ബദ്‌റിൽ വെച്ചു നടന്ന യുദ്ധത്തിൽ പങ്കെടുത്ത വിശ്വാസികളെ ഉദ്ദേശിച്ചാണ് ബദ്‌രീങ്ങൾ എന്ന് പറയുന്നത്. ബദ്‌ർയുദ്ധ ശേഷം ഏതാണ്ട് ഒൻപതു വർഷം നബിﷺ മദീനയിൽ ജീവിച്ചിട്ടുണ്ട്. നബിﷺയോ സ്വർഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ട സ്വഹാബികളോ ബദ്‌റിൽ പങ്കെടുത്ത മറ്റു മഹാന്മാരോ ഇത്തരമൊരു പ്രവർത്തനത്തിന് മാതൃക കാണിച്ചു തന്നിട്ടില്ല. അത് സൽകർമമായിരുന്നുവെങ്കിൽ നമ്മളെക്കാൾ കൂടുതൽ താൽപര്യത്തോടെയും ഉത്സാഹത്തോടെയും അത് നിർവഹിക്കുക സ്വഹാബികളാണ്. പക്ഷേ, സ്വഹാബികളുടെ ജീവിതം പരിശോധിച്ചുനോക്കിയാൽ അത്തരം ഒരു കാര്യം നമുക്ക് കാണുക സാധ്യമല്ല.

ഇസ്‌ലാം പഠിപ്പിക്കാത്ത പുതിയ ആരാധന രീതികൾ കടന്നുവരുമ്പോൾ അതിനകത്ത് ശിർക്ക് കൂടി ഉണ്ടാവുക എന്നുള്ളത് സ്വാഭാവികമാണ്. മഹാത്മാക്കളുടെയും ശുഹദാക്കളുടെയും പേര് പറഞ്ഞു കൊണ്ടും അവരോടുള്ള സ്നേഹവും ബഹുമാനവും എന്ന് വിശദീകരിച്ച് ന്യായീകരിച്ചു കൊണ്ടും അവരെ വിളിച്ചു പ്രാർഥിക്കുന്ന ശിർക്കൻ പ്രവർത്തനങ്ങളാണ് ഇന്ന് സമൂഹത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ആരാധനക്കർഹനായി അല്ലാഹു മാത്രമേയുള്ളൂ എന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ പ്രവാചകനാണ് എന്നും പ്രഖ്യാപിച്ചതിന്റെ ഭാഗമായി സ്വന്തം നാടും വീടും കുടുംബവും വിട്ടു പോകേണ്ടി വന്നവരാണ് സ്വഹാബിമാർ. മക്ക വിട്ട് മദീനയിലേക്ക് പോയിട്ടു പോലും അവരുടെ സ്വൈരജീവിതം കെടുത്തുവാനായിരുന്നു സത്യനിഷേധികളുടെ ശ്രമം. കച്ചവടത്തിൽനിന്നു ലഭിക്കുന്ന ലാഭം മുസ്‌ലിംകൾക്കെതിരെ ഉപയോഗിക്കുവാൻ അവർ ധൃഷ്ടരായി. ഈ ഘട്ടത്തിൽ നിലനിൽപിനു വേണ്ടി യുദ്ധം ചെയ്യുവാനുള്ള അനുവാദം അല്ലാഹു നൽകുകയായിരുന്നു. അങ്ങനെയാണ് ബദ്‌റിൽ ഏറ്റുമുട്ടലുണ്ടായത്.

അല്ലാഹുവിന്റെ ഏകത്വം അഥവാ തൗഹീദ് അംഗീകരിക്കാത്തവരും അംഗീകരിക്കുന്നവരും തമ്മിലാണ് ബദ്‌റിൽ ഏറ്റുമുട്ടിയത്. പക്ഷേ, ഇന്ന് നാം

**ഒരു വിശ്വാസി തന്റെ ജീവിതത്തിൽ പരലോക വിജയത്തിന് വേണ്ടി നിർബന്ധമായും ഐച്ഛികമായും നിർവഹിക്കുന്ന കർമങ്ങളാണല്ലോ ആരാധനകൾ. അതിൽ പ്രമാണങ്ങൾ പഠിപ്പിച്ചതിനപ്പുറമായി ഒന്നും അധികരിപ്പിക്കുവാനും കുറയ്ക്കുവാനും ആർക്കും അധികാരമില്ല. ഒരു സത്യവിശ്വാസി ചെയ്യുന്ന പ്രവർത്തനങ്ങൾ കൊണ്ട് അവൻ ഉദ്ദേശിക്കുന്നത് അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലവും അവന്റെ സാമീപ്യവുമാണ് എങ്കിൽ അല്ലാഹു എന്താണോ പഠിപ്പിച്ചത് അത് മാത്രമാണ് അവൻ ചെയ്യേണ്ടത്. സ്വർഗവും നരകവും ഒരുക്കിവെച്ചത് അല്ലാഹുവാണ് എങ്കിൽ ആ സ്വർഗത്തിലേക്കുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് നമുക്ക് പഠിപ്പിച്ചുതരേണ്ടതും അല്ലാഹു തന്നെയാണ്.**

കാണുന്നതെന്താണ്? അല്ലാഹുവിനോട് മാത്രമെ പ്രാർഥിക്കാവൂ എന്ന ആദർശത്തിന്റെ നിലനിൽപിനായി പോരാടിയ ബദ്‌രീങ്ങളെത്തന്നെ വിളിച്ചു പ്രാർഥിക്കുന്ന ദുരന്തപൂർണമായ കാഴ്ചയാണ് സമൂഹത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. നബിﷺയും ബദ്‌രീങ്ങളും പ്രാർഥിച്ചത് അല്ലാഹുവോടായിരുന്നു. അതിന്റെ പേരിലാണ് എല്ലാ പ്രയാസങ്ങളും അവർക്ക് സഹിക്കേണ്ടി വന്നത്.

എന്നാൽ ഈ ബദ്‌രീങ്ങളുടെ മദ്ഹ് പറയുന്നു എന്ന പേരിൽ ബദ്ർ മൗലിദും ബദ്ർ മാലയും പാടുന്നവർ അല്ലാഹുവിന്റെ ദീനിന്റെ പേരിൽ ഈ കാട്ടിക്കൂട്ടുന്നത് കടുത്ത അക്രമമാണെന്ന് ചിന്തിക്കുന്നില്ല. ഏതൊരു ആദർശത്തിനു വേണ്ടിയാണോ ബദ്‌രീങ്ങൾ പോരാടിയത് അതിന് നേർവിപരീതമായ പ്രവർത്തനമാണ് തങ്ങൾ ചെയ്യുന്നത് എന്നും ഇവർ മനസ്സിലാക്കുന്നില്ല. പ്രയാസങ്ങളും രോഗങ്ങളും ദുഃഖങ്ങളും പരീക്ഷണങ്ങളും ഒക്കെ ഉണ്ടാകുമ്പോൾ ബദ്‌രീങ്ങളെ വിളിച്ച് സഹായം തേടുവാനാണ് ഇവർ പഠിപ്പിക്കപ്പെടുന്നത്. ബദ്‌റിൽ പങ്കെടുത്ത സ്വഹാബിമാരിൽ 14 പേർ മാത്രമാണ് ശഹീദായത്. ബാക്കിയുള്ള സ്വഹാബിമാരിൽ പലരും രോഗം ബാധിച്ചും മറ്റു യുദ്ധങ്ങളിൽ ശത്രുക്കളുടെ വെട്ടേറ്റുമൊക്കെയാണ് മരണപ്പെട്ടു പോയത്. ബദ്ർ യുദ്ധത്തിന് ശേഷം ജീവിച്ചിരുന്ന സ്വഹാബിമാരിൽ ആരും തന്നെ ബദ്‌റിൽ ശഹീദായവരോട് പ്രാർഥിക്കുകയോ സഹായതേട്ടം നടത്തുകയോ ചെയ്തിട്ടില്ല.

അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥനകൾ വ്യർഥമാണെന്നും കടുത്ത അക്രമമാണെന്നും ക്വുർആനിലൂടെ വ്യക്തമായിത്തന്നെ അല്ലാഹു പഠിപ്പിക്കുന്നുണ്ട്. ഒരു വിശ്വാസി ചെയ്യുന്ന സൽകർമങ്ങളെ പോലും തകർത്തു കളയുന്ന തരത്തിലുള്ള മഹാപാപമാണ് ശിർക്ക് അഥവാ അല്ലാഹുവിൽ പങ്കുചേർക്കൽ.

"അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തന്റെ ദാസൻമാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 10:106,107).

"അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർഥിക്കുന്ന



**ബദ്‌രീങ്ങളുടെ മദ്ഹ് പറയുന്നു എന്ന പേരിൽ ബദ്ർ മൗലിദും ബദ്ർ മാലയും പാടുന്നവർ അല്ലാഹുവിന്റെ ദീനിന്റെ പേരിൽ ഈ കാട്ടിക്കൂട്ടുന്നത് കടുത്ത അക്രമമാണെന്ന് ചിന്തിക്കുന്നില്ല. ഏതൊരു ആദർശത്തിനു വേണ്ടിയാണോ ബദ്‌രീങ്ങൾ പോരാടിയത് അതിന് നേർ വിപരീതമായ പ്രവർത്തനമാണ് തങ്ങൾ ചെയ്യുന്നത് എന്നും ഇവർ മനസ്സിലാക്കുന്നില്ല. പ്രയാസങ്ങളും രോഗങ്ങളും ദുഃഖങ്ങളും പരീക്ഷണങ്ങളും ഒക്കെ ഉണ്ടാകുമ്പോൾ ബദ്‌രീങ്ങളെ വിളിച്ച് സഹായം തേടുവാനാണ് ഇവർ പഠിപ്പിക്കപ്പെടുന്നത്. ബദ്‌റിൽ പങ്കെടുത്ത സ്വഹാബിമാരിൽ 14 പേർ മാത്രമാണ് ശഹീദായത്. ബാക്കിയുള്ള സ്വഹാബിമാരിൽ പലരും രോഗം ബാധിച്ചും മറ്റു യുദ്ധങ്ങളിൽ ശത്രുക്കളുടെ വെട്ടേറ്റുമൊക്കെയാണ് മരണപ്പെട്ടു പോയത്. ബദ്ർ യുദ്ധത്തിന് ശേഷം ജീവിച്ചിരുന്ന സ്വഹാബിമാരിൽ ആരും തന്നെ ബദ്‌റിൽ ശഹീദായവരോട് പ്രാർഥിക്കുകയോ സഹായതേട്ടം നടത്തുകയോ ചെയ്തിട്ടില്ല.**

**റമദാൻ 17ന് പ്രത്യേകമായി നടത്തുന്ന നേർച്ചകളും അറവുകളും പ്രത്യേകമായി ചെയ്യുന്ന മറ്റു ആരാധനകളും ഇസ്‌ലാമിന്റെ പ്രമാണങ്ങൾക്ക് അന്യമാണ്. പ്രവാചകന്റെയും സ്വഹാബത്തിന്റെയും ജീവിതത്തിൽ നമുക്ക് ഇത്തരം കാര്യങ്ങൾ കാണുക സാധ്യമല്ല. ബദ്‌രീങ്ങളുടെ തൃപ്തിയും പൊരുത്തവും ലഭിക്കണം എന്ന ഉദ്ദേശത്തോടു കൂടിയാണ് ബദ്‌രീങ്ങളുടെ പേരിൽ മൃഗത്തെ നേർച്ചയാക്കുന്നതും ബലിയറുക്കുന്നതും. അല്ലാഹുവിന്റെ പേരിലും അല്ലാഹുവിന് വേണ്ടിയും മാത്രമെ ഇത്തരം കർമങ്ങൾ ചെയ്യാവൂ. അല്ലാഹു അല്ലാത്തവരുടെ തൃപ്തിക്കു വേണ്ടി അറുക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു എന്നാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്.**

പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ക്വുർആൻ 35:18).

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചു കൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" (ക്വുർആൻ 46:5,6).

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന്നു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നതെല്ലാം വ്യർഥമാകുന്നു. അല്ലാഹു തന്നെയാകുന്നു ഉന്നതനും വലിയവനും" (31:30).

"അവനോടുള്ളതു മാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരു കൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു" (ക്വുർആൻ 13:14).


പരിശുദ്ധ റമദാൻ മാസത്തിൽ നാം നിർവഹിക്കുന്ന നോമ്പും രാത്രി നമസ്‌കാരവും ദാനധർമങ്ങളുമെല്ലാം നിഷ്ഫലമായിപ്പോകുന്ന പ്രവർത്തനമാണ് ശിർക്കെന്ന മഹാപാപം. പുണ്യകർമങ്ങൾക്ക് ഇരട്ടിയിരട്ടി പ്രതിഫലം ലഭിക്കുന്ന റമദാൻ മാസത്തിൽ പോലും ബിദ്അത്തുകളും റബ്ബിനോടല്ലാത്ത പ്രാർഥനകളും മുസ്‌ലിം സമൂഹത്തിൽ നിന്നും ഉണ്ടാകുമ്പോൾ അതിൽ ഏറെ സന്തോഷിക്കുന്നത് പിശാചായിരിക്കുമെന്നതിൽ സംശയമില്ല. പരമാവധി ആളുകൾ നരകാവകാശികളായിത്തീരുക എന്നതാണല്ലോ പിശാചിന്റെ പ്രവർത്തന ലക്ഷ്യം.

റമദാൻ 17ന് പ്രത്യേകമായി നടത്തുന്ന നേർച്ചകളും അറവുകളും പ്രത്യേകമായി ചെയ്യുന്ന മറ്റു ആരാധനകളും ഇസ്‌ലാമിന്റെ പ്രമാണങ്ങൾക്ക് അന്യമാണ്. പ്രവാചകന്റെയും സ്വഹാബത്തിന്റെയും ജീവിതത്തിൽ നമുക്ക് ഇത്തരം കാര്യങ്ങൾ കാണുക സാധ്യമല്ല. ബദ്‌രീങ്ങളുടെ തൃപ്തിയും പൊരുത്തവും ലഭിക്കണം എന്ന ഉദ്ദേശത്തോടു കൂടിയാണ് ബദ്‌രീങ്ങളുടെ പേരിൽ മൃഗത്തെ നേർച്ചയാക്കുന്നതും ബലിയറുക്കുന്നതും. അല്ലാഹുവിന്റെ പേരിലും അല്ലാഹുവിന് വേണ്ടിയും മാത്രമെ ഇത്തരം കർമങ്ങൾ ചെയ്യാവൂ. അല്ലാഹു അല്ലാത്തവരുടെ തൃപ്തിക്കു വേണ്ടി അറുക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു എന്നാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്.

നമ്മുടെ വിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും പ്രമാണങ്ങളുമായി നാം മാറ്റുരച്ചു നോക്കേണ്ടതുണ്ട്. സ്വഹാബിമാരും അവരെ തുടർന്ന് ജീവിച്ച താബിഉകളുമായിട്ടുള്ള സച്ചരിതർ പുലർത്തിപ്പോന്ന വിശ്വാസങ്ങളും കർമാനുഷ്ഠാനങ്ങളും മതി നമുക്കും പരലോകത്ത് രക്ഷ ലഭിക്കാൻ. പുതിയ ഒരു ആരാധന നമ്മുടെ വകയായി നാം നിർമിക്കേണ്ടതില്ല. മതത്തിൽ നൂതന കാര്യങ്ങൾ (ബിദ്അത്ത്) കടത്തിക്കൂട്ടിയവർക്ക് നാളെ പരലോകത്തിൽവെച്ച് ഹൗദ്വുൽ കൗഥറിലെ വെള്ളം കുടിക്കാൻ ലഭിക്കില്ലെന്നും അവർ അതിൽനിന്ന് ആട്ടിയകറ്റപ്പെടുമെന്നും നബിﷺ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ബദ്‌റിൽ പങ്കെടുത്ത പ്രവാചകാനുചരന്മാരുടെ പാത പിൻപറ്റി അചഞ്ചലമായി തൗഹീദിന്റെ മാർഗത്തിൽ ജീവിതത്തിന്റെ അവസാനം വരെയും നിലകൊള്ളുന്നവരായി നാം മാറേണ്ടതുണ്ട്. അതിനായി റമദാനിന്റെ പുണ്യം നിറഞ്ഞ ദിനരാത്രങ്ങളിൽ സർവശക്തനോട് തേടിക്കൊണ്ടിരിക്കുക. ●

ശമീർ മദീനി
shameermadeeni@gmail.com



# ഇസ്‌ലാമും യുദ്ധവും: തിരുത്തപ്പെടേണ്ട ധാരണകൾ

**അസഹിഷ്ണുതയുടെയും അതിക്രമത്തിന്റെയും മതമായിട്ടാണ് ഇസ്‌ലാമിനെ വിമർശകർ പരിചയപ്പെടുത്താറുള്ളത്. മുസ്‌ലിംകൾ നേതൃത്വം നൽകിയ ചെറുതും വലുതുമായ യുദ്ധങ്ങളെയെല്ലാം ഇതിന് ഉദാഹരണമായി അവർ എടുത്തുദ്ധരിക്കാറുമുണ്ട്. യുദ്ധത്തെ കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാടെന്താണ്? പ്രവാചക കാലഘട്ടത്തിൽ എന്തെല്ലാം കാരണങ്ങളാലാണ് യുദ്ധങ്ങൾ അരങ്ങേറിയത്? ഇസ്‌ലാമിക പ്രമാണങ്ങൾക്ക് യുദ്ധങ്ങളെ കുറിച്ച് എന്തെല്ലാം പറയാനുണ്ട്?**

ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. 'സമാധാനം' എന്ന് അർഥം വരുന്ന 'സിൽമ്' എന്ന അറബി ധാതുവിൽ നിന്നാണ് 'ഇസ്‌ലാം' എന്ന പദം നിഷ്പന്നമായിട്ടുള്ളത്. മുസ്‌ലിംകൾ പരസ്പരം കണ്ടുമുട്ടുമ്പോൾ അഭിവാദ്യമർപ്പിക്കുന്നതും താങ്കൾക്ക് 'സലാം' അഥവാ സമാധാനമുണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ടാണ്.

ഇസ്‌ലാം സമാധാനത്തിന്റെ മതമാണെങ്കിൽ ഇസ്‌ലാമിന്റെ പ്രവാചകൻ എന്തുകൊണ്ട് പത്തോളം യുദ്ധങ്ങൾ നയിച്ചു? അതിലെ നാശനഷ്ടങ്ങൾക്കും കെടുതികൾക്കും എന്ത് ന്യായീകരണങ്ങളാണുള്ളത്? ഇസ്‌ലാം വിമർശകരിൽനിന്ന് ഇത്തരം ചോദ്യങ്ങൾ പലപ്പോഴും ഉയരാറുണ്ട്. അത് കേൾക്കുന്ന ചിലർക്കെങ്കിലും ചില തെറ്റുധാരണകൾ ഇത് സംബന്ധമായി ഉണ്ടാകാൻ

സാധ്യതയുണ്ട്. വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കിയാൽ തെറ്റുധാരണകൾ തീരുമെന്നതിൽ സംശയമില്ല. ഇസ്‌ലാം യുദ്ധത്തെക്കുറിച്ച് എന്താണ് പറയുന്നത്? പ്രവാചകന്റെ കാലത്ത് നടന്ന യുദ്ധങ്ങളുടെ സ്ഥിതി എന്തായിരുന്നു? അവയുടെ കാരണങ്ങളും അനന്തര ഫലങ്ങളും എന്തൊക്കെയായിരുന്നു?

### എന്തിനൊക്കെയാണ് യുദ്ധങ്ങൾ?

പ്രതിരോധത്തിനും രാഷ്ട്ര സംരക്ഷണത്തിനും ഇസ്‌ലാമിക പ്രബോധനത്തിന്റെ മുമ്പിലുള്ള മാർഗതടസ്സങ്ങൾ നീക്കുന്നതിനും അക്രമകാരികളെ അമർച്ച ചെയ്യുന്നതിനുമൊക്കെയാണ് ഇസ്‌ലാം യുദ്ധം അനുവദിക്കുന്നത്. ഇസ്‌ലാമിന്റെ ചരിത്രത്തിൽ ആദ്യത്തെ പതിനഞ്ച് വർഷങ്ങൾ കടുത്ത പീഡനങ്ങളും മർദനങ്ങളും മുസ്‌ലിംകൾക്ക് ഏൽക്കേണ്ടിവന്നിട്ടും യുദ്ധമുണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കപ്പെട്ട സാഹചര്യം പോലുമുണ്ടായി. ഒട്ടേറെ വിശ്വാസികൾ ക്രൂരമായി കൊല ചെയ്യപ്പെട്ടു. അപ്പോഴൊക്കെയും സഹനത്തിന്റെയും ക്ഷമയുടെയും പാഠങ്ങളായിരുന്നു നബി ﷺ അനുയായികൾക്ക് പകർന്നു കൊടുത്തിരുന്നത്. ഹിജ്‌റ രണ്ടാം വർഷത്തിലാണ് സായുധമായ പോരാട്ടത്തിന് അനുവാദം നൽകപ്പെട്ടത്.

ആയുധബലം പ്രകടിപ്പിക്കാനോ ‘കൈത്തരിപ്പ് മാറ്റാനോ’ ശത്രുതാപരമായ കയ്യേറ്റങ്ങൾക്കോ വേണ്ടിയായിരുന്നില്ല ഇസ്‌ലാമിന്റെ യുദ്ധങ്ങൾ; പ്രത്യുത, രാഷ്ട്രത്തിന്റെയും മതത്തിന്റെയും സംരക്ഷണത്തിന് വേണ്ടിയും മതത്തിന്റെ പേരിൽ അടിച്ചമർത്തപ്പെടുന്ന മർദിതർക്കും ദുർബലർക്കും വേണ്ടിയായിരുന്നു.

സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളാകുന്ന ഇസ്‌ലാമിന്റെ സന്ദേശം സർവരിലേക്കും എത്തണമെന്നതും ചൂഷണങ്ങളിൽ നിന്ന് മനുഷ്യരെ മുഴുവൻ രക്ഷപ്പെടുത്തണമെന്നതും ഇസ്‌ലാമിന്റെ അഭിലാഷമാണ്. ഇസ്‌ലാമിന്റെ സൗരഭ്യവും അതിന്റെ പ്രകാശവും എല്ലാവർക്കും ലഭ്യമാകണം. അതിന്റെ ശാന്തിയും സമാധാനവും ആഗ്രഹിക്കുന്ന ഒരാൾക്കും അത് നിഷേധിക്കപ്പെട്ടുകൂടാ. എന്നാൽ ബലാൽക്കാരമായി ആരെയും മതത്തിൽ ചേർക്കരുതെന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുകയും ചെയ്യുന്നു.

“മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു” (ക്വുർആൻ 2:256).

ഈ മൗലികമായ അവകാശത്തിന് മുമ്പിൽ മാർഗതടസ്സം സൃഷ്ടിക്കപ്പെട്ട സാഹചര്യത്തിലും അനിവാര്യമായ ഘട്ടത്തിലുമാണ് ഇസ്‌ലാമിന്റെ യുദ്ധങ്ങൾ നടന്നിട്ടുള്ളത്. സാമൂഹ്യനീതിയും സമാധാനവും ഉറപ്പാക്കുവാനും മനുഷ്യന്റെ മൗലികാവകാശങ്ങൾ സംരക്ഷിക്കുവാനും ഇസ്‌ലാമും ഇസ്‌ലാമിക രാഷ്ട്രവും പ്രതിജ്ഞാബദ്ധമാണ്.

അല്ലാഹു പറയുന്നു: “മർദനം ഇല്ലാതാവുകയും മതം അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങളവരോട് യുദ്ധം നടത്തിക്കൊള്ളുക. എന്നാൽ അവർ (യുദ്ധത്തിൽ നിന്ന്) വിരമിക്കുകയാണെങ്കിൽ (അവരിലെ) അക്രമികൾക്കെതിരിലല്ലാതെ പിന്നീട് യാതൊരു കയ്യേറ്റവും പാടുള്ളതല്ല” (2:193).



**പ്രതിരോധത്തിനും രാഷ്ട്ര സംരക്ഷണത്തിനും ഇസ്‌ലാമിക പ്രബോധനത്തിന്റെ മുമ്പിലുള്ള മാർഗതടസ്സങ്ങൾ നീക്കുന്നതിനും അക്രമകാരികളെ അമർച്ച ചെയ്യുന്നതിനുമൊക്കെയാണ് ഇസ്‌ലാം യുദ്ധം അനുവദിക്കുന്നത്. ഇസ്‌ലാമിന്റെ ചരിത്രത്തിൽ ആദ്യത്തെ പതിനഞ്ച് വർഷങ്ങൾ കടുത്ത പീഡനങ്ങളും മർദനങ്ങളും മുസ്‌ലിംകൾക്ക് ഏൽക്കേണ്ടിവന്നിട്ടും യുദ്ധമുണ്ടായിട്ടില്ല എന്നത് ശ്രദ്ധേയമാണ്. സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കപ്പെട്ട സാഹചര്യം പോലുമുണ്ടായി. ഒട്ടേറെ വിശ്വാസികൾ ക്രൂരമായി കൊല ചെയ്യപ്പെട്ടു. അപ്പോഴൊക്കെയും സഹനത്തിന്റെയും ക്ഷമയുടെയും പാഠങ്ങളായിരുന്നു നബി ﷺ അനുയായികൾക്ക് പകർന്നു കൊടുത്തിരുന്നത്. ഹിജ്‌റ രണ്ടാം വർഷത്തിലാണ് സായുധമായ പോരാട്ടത്തിന് അനുവാദം നൽകപ്പെട്ടത്.**

ഈ വചനത്തിന്റെ വിശദീകരണത്തിൽ ഇമാം ബുഖാരി ഉദ്ധരിക്കുന്ന റിപ്പോർട്ടിൽ ഇബ്നു ഉമർ(റ) പറയുന്നത് കാണാം: “നിങ്ങൾ അവരോട് യുദ്ധം ചെയ്യുക; ‘ഫിത്ന’ ഇല്ലാതിരിക്കുന്നത് വരെ” ഇബ്നു ഉമർ(റ) പറഞ്ഞു: “ഞങ്ങൾ നബി(ﷺ)യുടെ കാലത്ത് അതനുസരിച്ച് യുദ്ധം ചെയ്തു. മുസ്‌ലിംകൾ കുറവായിരുന്നതിനാൽ മതത്തിന്റെ പേരിൽ ആളുകൾ പീഡിപ്പിക്കപ്പെട്ടിരുന്നു. ഒന്നുകിൽ കൊന്നുകളയും. അല്ലെങ്കിൽ ശക്തമായി ഉപദ്രവിക്കും. അങ്ങനെ മുസ്‌ലിംകൾ അധികരിച്ചു. അപ്പോൾ പിന്നെ ആ ‘ഫിത്ന’ ഉണ്ടായില്ല” (ബുഖാരി).

ഹാഫിദ് ഇബ്നു കഥീർ(റഹി)യും ഈ സംഭവം ഈ വചനത്തിന്റെ വിവരണത്തിൽ ഉദ്ധരിക്കുന്നുണ്ട്. ഇതാണ് യുദ്ധം അനിവാര്യമാകുന്നതിലെ പ്രധാന ഘടകം.

മതമെന്ന നിലയ്ക്ക് ഇസ്‌ലാമിനും ഒരു സമൂഹമെന്ന നിലയ്ക്ക് മുസ്‌ലിംകൾക്കും അനിവാര്യ ഘട്ടത്തിലെ പ്രതിരോധം നിലനിൽപിന്റെ അഥവാ അസ്തിത്വത്തിന്റെ പ്രശ്നം കൂടിയാണ്. നിലനിൽക്കാനുള്ള അവകാശത്തിന് വേണ്ടിയുള്ള പോരാട്ടമാണ് അത് എന്ന് സാരം.

അതായത്, ഇസ്‌ലാം യുദ്ധം അനുവദിച്ച ഒരു സന്ദർഭം വിശ്വാസികളുടെയും മതത്തിന്റെയും ആദർശത്തിന്റെയും സംരക്ഷണത്തിനുമാണ്. ആ മാർഗത്തിലുള്ള പ്രതിരോധവുമാണത്.

അല്ലാഹു പറയുന്നു: “യുദ്ധത്തിന്ന് ഇരയാകുന്നവർക്ക്, അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻ തന്നെയാകുന്നു. യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ സന്യാസിമഠങ്ങളും ക്രിസ്തീയദേവാലയങ്ങളും യഹൂദദേവാലയങ്ങളും അല്ലാഹുവിന്റെ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്‌ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവനെ തീർച്ചയായും അല്ലാഹു സഹായിക്കും. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു” (ക്വുർആൻ 22:39,40).

അപ്രകാരം തന്നെ അന്യായങ്ങളെയും അതിക്രമങ്ങളെയും തടയുവാനും മർദിതരുടെ സംരക്ഷണത്തിന്നും നീതിയും നന്മയും നാട്ടിൽ നിലനിൽക്കുവാനും ചിലപ്പോൾ സായുധപോരാട്ടങ്ങൾ ആവശ്യമായി വന്നേക്കാം.

അല്ലാഹു പറയുന്നു: “വിലക്കപ്പെട്ട മാസത്തിലെ യുദ്ധത്തിന് വിലക്കപ്പെട്ട മാസത്തിൽ തന്നെ തിരിച്ചടിക്കുക. വിലക്കപ്പെട്ട മറ്റു കാര്യങ്ങൾ ലംഘിക്കുമ്പോഴും (അങ്ങനെത്തന്നെ) പ്രതിക്രിയ ചെയ്യേണ്ടതാണ്. അപ്രകാരം നിങ്ങൾക്കെതിരെ ആർ അതിക്രമം കാണിച്ചാലും അവൻ നിങ്ങളുടെ നേർക്കകാണിച്ച അതിക്രമത്തിന് തുല്യമായി അവന്റെ നേരെയും അതിക്രമം കാണിച്ചുകൊള്ളുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരോടൊപ്പമാണെന്ന് മനസ്സിലാക്കുകയും ചെയ്യുക” (2:194).

“നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ” (2:190).

അതോടൊപ്പം ശ്രദ്ധേയമായ ഒരു സംഗതി; നബി(ﷺ) ഒരൊറ്റ യുദ്ധത്തിനും തുടക്കക്കാരനായിട്ടില്ല എന്നതാണ്. അപ്രകാരം തന്നെ ഭൗതികമായ ലാഭങ്ങൾ മോഹിച്ചോ ശത്രുക്കളുടെ സ്വത്ത് ആഗ്രഹിച്ചോ രാജ്യത്തിന്റെ വിസ്തൃതി കൂട്ടുവാനോ അധികാരം മോഹിച്ചോ ഒന്നുമായിരുന്നില്ല അവിടുത്തെ സൈനിക നീക്കങ്ങളിൽ ഒന്നു പോലും. മറിച്ച് മനുഷ്യരുടെ മൗലികാവകാശങ്ങൾക്കു വേണ്ടിയും അനീതിക്കും അക്രമങ്ങൾക്കുമെതിരിലുമായിരുന്നു. അനിവാര്യഘട്ടത്തിൽ നടന്നതാണ് അവയൊക്കെയുമെന്നത് നിഷ്പക്ഷമായി പ്രവാചക യുദ്ധങ്ങളുടെ ചരിത്രം പരിശോധിക്കുന്നവർക്ക് ബോധ്യപ്പെടുന്നതാണ്.

**സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളാകുന്ന ഇസ്‌ലാമിന്റെ സന്ദേശം സർവരിലേക്കും എത്തണമെന്നതും ചൂഷണങ്ങളിൽ നിന്ന് മനുഷ്യരെ മുഴുവൻ രക്ഷപ്പെടുത്തണമെന്നതും ഇസ്‌ലാമിന്റെ അഭിലാഷമാണ്. ഇസ്‌ലാമിന്റെ സൗരഭ്യവും അതിന്റെ പ്രകാശവും എല്ലാവർക്കും ലഭ്യമാകണം. അതിന്റെ ശാന്തിയും സമാധാനവും ആഗ്രഹിക്കുന്ന ഒരാൾക്കും അത് നിഷേധിക്കപ്പെട്ടുകൂടാ. എന്നാൽ ബലാൽക്കാരമായി ആരെയും മതത്തിൽ ചേർക്കരുതെന്ന് ഇസ്‌ലാം നിഷ്കർഷിക്കുകയും ചെയ്യുന്നു.**

**നബിﷺയുടെ കാലത്ത് നടന്ന പത്തോളം വരുന്ന യുദ്ധങ്ങളിൽ ഇരു പക്ഷത്തുനിന്നുമായി ആകെ കൊല്ലപ്പെട്ടത് 1018 പേർ മാത്രമാണ്. എന്നാൽ ഇസ്‌ലാമിന് യാതൊരു പങ്കാളിത്തവുമില്ലാത്ത എത്രയോ യുദ്ധങ്ങൾ ലോകത്ത് നടന്നിട്ടുണ്ട്. ഭീമമായ സാമ്പത്തിക നഷ്ടങ്ങൾക്കുപരി ദശലക്ഷക്കണക്കിന് മനുഷ്യജീവനുകളാണ് അവയിൽ ഹനിക്കപ്പെട്ടത്. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളിലെ കണക്കുകൾ മാത്രം പരിശോധിച്ചാൽ ഈ വസ്തുത ബോധ്യപ്പെടും. 1914-18 കാലഘട്ടത്തിൽ നടന്ന ഒന്നാം ലോകമഹായുദ്ധത്തിൽ മാത്രം 60 ലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെട്ടതായാണ് കണക്ക്. രണ്ട് കോടിയിലധികമാളുകൾക്ക് പരിക്കു പറ്റിയിട്ടുമുണ്ട്. അത് വരുത്തിവെച്ച സാമ്പത്തിക നഷ്ടമാകട്ടെ കോടാനുകോടികളുടെതാണ്.**



**യുദ്ധത്തിലെ നാശനഷ്ടങ്ങൾ**

ഒരേയൊരു മനുഷ്യനല്ലാതെ പ്രവാചക കരം കൊണ്ട് കൊല്ലപ്പെട്ടിട്ടില്ല എന്നത് അതിന്റെ ഏറ്റവും വലിയ തെളിവാണ്. ഹിജ്റ മൂന്നാം വർഷം മദീനയെ ആക്രമിക്കാൻ വന്ന ശത്രുക്കളെ നേരിട്ട ഉഹ്ദിന്റെ സന്ദർഭത്തിൽ കോല്ലപ്പെട്ട ഉബയ്യുബ്നു ഖലഫാണ് ആ വ്യക്തി.

നബിﷺയുടെ കാലത്ത് നടന്ന പത്തോളം വരുന്ന യുദ്ധങ്ങളിൽ ഇരു പക്ഷത്തുനിന്നുമായി ആകെ കൊല്ലപ്പെട്ടത് 1018 പേർ മാത്രമാണ്. എന്നാൽ ഇസ്‌ലാമിന് യാതൊരു പങ്കാളിത്തവുമില്ലാത്ത എത്രയോ യുദ്ധങ്ങൾ ലോകത്ത് നടന്നിട്ടുണ്ട്. ഭീമമായ സാമ്പത്തിക നഷ്ടങ്ങൾക്കുപരി ദശലക്ഷക്കണക്കിന് മനുഷ്യജീവനുകളാണ് അവയിൽ ഹനിക്കപ്പെട്ടത്. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളിലെ കണക്കുകൾ മാത്രം പരിശോധിച്ചാൽ ഈ വസ്തുത ബോധ്യപ്പെടും.

1914-18 കാല ഘട്ടത്തിൽ നടന്ന ഒന്നാം ലോകമഹായുദ്ധത്തിൽ മാത്രം 60 ലക്ഷത്തിലധികം ആളുകൾ കൊല്ലപ്പെട്ടതായാണ് കണക്ക്. രണ്ട് കോടിയിലധികമാളുകൾക്ക് പരിക്കു പറ്റിയിട്ടുമുണ്ട്. അത് വരുത്തിവെച്ച സാമ്പത്തിക നഷ്ടമാകട്ടെ കോടാനുകോടികളുടെതാണ്.

1939-45 കാലഘട്ടത്തിൽ നടന്ന രണ്ടാം ലോകമഹായുദ്ധത്തിന്റെ കണക്ക് ഇതിലും അധികമാണ്. ഈ യുദ്ധങ്ങളിലൂടെ ലോകത്തിന് എന്ത് നേട്ടമാണുണ്ടായത്? എല്ലാവരും സമ്മതിക്കും; ഒരു നേട്ടവുമുണ്ടായിട്ടില്ല, നഷ്ടങ്ങളല്ലാതെ എന്ന്. എന്നാൽ ഇസ്‌ലാമിന്റെ യുദ്ധങ്ങളൊന്നും ഇങ്ങനെയായിരുന്നില്ല. അധിനിവേശം നടത്തലോ രക്തം ചിന്തലോ ആയിരുന്നില്ല അവ ഒന്നിന്റെയും പിന്നിലുള്ള ലക്ഷ്യവും പ്രേരകങ്ങളും. മറിച്ച് സാമൂഹിക നീതിയും ശാന്തിയും സമാധാനവും നടപ്പിലാക്കുക, മനുഷ്യന്റെ മൗലികാവകാശങ്ങൾ സംരക്ഷിക്കുക, വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുക മുതലായ ലക്ഷ്യങ്ങളായിരുന്നു അവയ്ക്കു പിന്നിൽ. അവ നേടിയെടുക്കുന്നതിൽ വിജയിക്കുവാൻ ഭീമമായ നഷ്ടങ്ങളില്ലാതെ തന്നെ ആ പോരാട്ടങ്ങൾക്ക് സാധിച്ചു എന്നതാണ് സത്യം.

സാധാരണ യുദ്ധങ്ങളിൽ സൈനികർ മാത്രമല്ല കൊല്ലപ്പെട്ടിരുന്നത്; സിവിലിയന്മാരും തികച്ചും നിരാലംബരും ദുർബലരുമായ സ്ത്രീകളും കുട്ടികളും അടക്കം കൊലചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിന്റെ പോരാട്ടങ്ങളിൽ ശാരീരികമായോ ബൗദ്ധികമായോ യുദ്ധത്തിൽ പങ്കാളികളാകാത്ത ഒരാളും ആക്രമിക്കപ്പെടുകയോ കൊലചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. കർഷകരും ജോലിക്കാരുമായ സാധാരണ പൗരന്മാർ യുദ്ധത്തിന്റെ പേരിൽ ഒരുവിധ കയ്യേറ്റങ്ങൾക്കും വിധേയരായിട്ടില്ല. സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ടിട്ടില്ല.

സൈനികരോടുള്ള നബിﷺയുടെ ഉപദേശങ്ങൾ മാനവ ചരിത്രത്തിൽ കിടയറ്റതാണ്. ആ ഉപദേശങ്ങൾ മനസ്സിലാക്കിയ ഒരാൾക്കും ചാവേറായി പൊട്ടിത്തെറിച്ച് നിരപരാധികളെ കൊന്നൊടുക്കാൻ കഴിയില്ല, അങ്ങനെ ചെയ്യുന്നവരെ യഥാർഥ മുസ്‌ലിംകളായി അംഗീകരിക്കാനും കഴിയില്ല.

**(അടുത്ത ലക്കത്തിൽ: സൈന്യത്തോടുള്ള പ്രവാചകോപദേശങ്ങൾ)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 77, ഭാഗം: 1

# മുർസലാത്ത് (അയക്കപ്പെടുന്നവ)

മക്കയിൽ അവതരിച്ചത്

1. നന്മയുമായി അയക്കപ്പെടുന്നവയും
2. ശക്തിയായി ആഞ്ഞടിക്കുന്നവയും
3. പരക്കെ വ്യാപിപ്പിക്കുന്നവയും
4. വേർതിരിച്ചു വിവേചനം ചെയ്യുന്നവയും
5. ദിവ്യസന്ദേശം ഇട്ടുകൊടുക്കുന്നവയുമായിട്ടുള്ളവയെ തന്നെയാകുന്നു സത്യം!
6. ഒരു ഒഴികഴിവായിക്കൊണ്ടോ താക്കീതായിക്കൊണ്ടോ.
7. തീർച്ചയായും നിങ്ങളോട് താക്കീത് ചെയ്യപ്പെടുന്ന കാര്യം സംഭവിക്കുന്നതു തന്നെയാകുന്നു.
8. നക്ഷത്രങ്ങളുടെ പ്രകാശം മായ്ക്കപ്പെടുകയും
9. ആകാശം പിളർത്തപ്പെടുകയും
10. പർവതങ്ങൾ പൊടിക്കപ്പെടുകയും
11. ദൂതൻമാർക്ക് സമയം നിർണയിച്ചു കൊടുക്കപ്പെടുകയും ചെയ്താൽ!
12. ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്?
13. തീരുമാനത്തിന്റെ ദിവസത്തേക്ക്!
14. ആ തീരുമാനത്തിന്റെ ദിവസം എന്താണെന്ന് നിനക്കറിയുമോ?
15. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം.
16. പൂർവികൻമാരെ നാം നശിപ്പിച്ചുകളഞ്ഞില്ലേ?
17. പിന്നീട് പിൻഗാമികളെയും അവരുടെ പിന്നാലെ നാം അയക്കുന്നതാണ്.
18. അപ്രകാരമാണ് നാം കുറ്റവാളികളെക്കൊണ്ട് പ്രവർത്തിക്കുക.
19. അന്നേദിവസം നിഷേധിച്ചു തള്ളിയവർക്കായിരിക്കും നാശം.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ
وَٱلۡمُرۡسَلَٰتِ عُرۡفٗا ١ فَٱلۡعَٰصِفَٰتِ عَصۡفٗا
٢ وَٱلنَّٰشِرَٰتِ نَشۡرٗا ٣ فَٱلۡفَٰرِقَٰتِ فَرۡقٗا ٤
فَٱلۡمُلۡقِيَٰتِ ذِكۡرًا ٥ عُذۡرًا أَوۡ نُذۡرًا ٦ إِنَّمَا
تُوعَدُونَ لَوَٰقِعٞ ٧ فَإِذَا ٱلنُّجُومُ طُمِسَتۡ ٨
وَإِذَا ٱلسَّمَآءُ فُرِجَتۡ ٩ وَإِذَا ٱلۡجِبَالُ نُسِفَتۡ
١٠ وَإِذَا ٱلرُّسُلُ أُقِّتَتۡ ١١ لِأَيِّ يَوۡمٍ أُجِّلَتۡ
١٢ لِيَوۡمِ ٱلۡفَصۡلِ ١٣ وَمَآ أَدۡرَىٰكَ مَا يَوۡمُ
ٱلۡفَصۡلِ ١٤ وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ١٥ أَلَمۡ
نُهۡلِكِ ٱلۡأَوَّلِينَ ١٦ ثُمَّ نُتۡبِعُهُمُ ٱلۡأٓخِرِينَ
١٧ كَذَٰلِكَ نَفۡعَلُ بِٱلۡمُجۡرِمِينَ ١٨ وَيۡلٞ
يَوۡمَئِذٖ لِّلۡمُكَذِّبِينَ ١٩

1). (നന്മയായി അയക്കപ്പെടുന്നവയും) ഉയിർത്തെഴുന്നേൽപിനെക്കുറിച്ചും പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലത്തെക്കുറിച്ചും അല്ലാഹു സത്യം ചെയ്തു പറയുന്നത് നന്മയായി അയക്കപ്പെടുന്നവയെ കൊണ്ടാണ്. വിധി സംബന്ധമായ കാര്യങ്ങൾക്കും ലോകത്തിന്റെ നിയന്ത്രണത്തിനും മതപരമായ കാര്യങ്ങൾക്കും പ്രവാചകന്മാർക്ക് വഹ്‌യ് നൽകാനും അല്ലാഹു നിയോഗിക്കുന്ന മലക്കുകളാണവർ. (നന്മയാൽ) അയക്കപ്പെടുന്ന മലക്കുകളുടെ അവസ്ഥയാണിത്. അതായത് നന്മയും വിജ്ഞാനവുമായി; തിന്മയും ഫലശൂന്യതയും കൊണ്ടല്ല.

2). (ശക്തിയായി ആഞ്ഞടിക്കുന്നവയും) ഇതും അല്ലാഹു നിയോഗിക്കുന്ന മലക്കുകൾ തന്നെ. കൽപനകൾ വേഗത്തിൽ നിർവഹിക്കുന്നവർ എന്നാണ് വിശേഷിപ്പിച്ചത്. കൽപനകൾ നടപ്പിലാക്കുന്നതിലുള്ള വേഗത അടിച്ചുവീശുന്ന കാറ്റുപോലെയാണ്. അല്ലെങ്കിൽ ശക്തമായി അടിച്ചുവീശുന്ന കൊടുങ്കാറ്റു പോലെ.

3). (പരക്കെ വ്യാപിപ്പിക്കുന്നവയും) ഇതും മലക്കുകളെക്കുറിച്ചാകാനാണ് സാധ്യത. അവരോട് നിർദേശിച്ചതിനെ അവർ വ്യാപിപ്പിക്കുന്നു; അല്ലെങ്കിൽ ഭൂമിയിൽ വ്യാപിപ്പിക്കാൻ നിർദേശിച്ച കാർമേഘത്തെ. അതുമൂലം ഭൂമി നിർജീവമായതിന് ശേഷം ജീവനുള്ളതായിത്തീരുന്നു.

5). (ദിവ്യസന്ദേശം ഇട്ടുകൊടുക്കുന്നവ) ഇതും മലക്കുകളാണ്. ശ്രേഷ്ഠമായ കാര്യങ്ങൾ ഇട്ടുകൊടുക്കുന്നവർ, അല്ലാഹു തന്റെ അടിമക്ക് കരുണയായി നൽകിയ ഉൽബോധനം. അവർക്കുള്ള നന്മകളും പ്രയോജനങ്ങളും അതിൽ അവരെ ഉൽബോധിപ്പിക്കുന്നു. അത് അവർ പ്രവാചകന്മാർക്ക് ഇട്ടുകൊടുക്കുന്നു.

6). (ഒരു ഒഴികഴിവ് ആയിക്കൊണ്ടോ താക്കീതായിക്കൊണ്ടോ) ജനങ്ങൾക്ക് താക്കീതോ ഒഴികഴിവോ ആയിട്ടുള്ളത്. ഭാവിയിൽ വരാനിരിക്കുന്ന ഭയങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകി അവരുടെ ഒഴികഴിവ് ഇല്ലാതാക്കുന്നു. അങ്ങനെ അല്ലാഹുവിനെതിരെ അവർക്ക് തെളിവില്ലാതായിത്തീരുന്നു.

7-11) (തീർച്ചയായും നിങ്ങളോട് താക്കീതു ചെയ്യപ്പെടുന്ന കാര്യം) ഉയിർത്തെഴുന്നേൽപിനെക്കുറിച്ചും പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലത്തെക്കുറിച്ചും. (സംഭവിക്കുന്നതു തന്നെയാകുന്നു) ശങ്കയോ സംശയമോ കൂടാതെ സംഭവിക്കുമെന്നുറപ്പുള്ളത്. അത് സംഭവിച്ചാൽ ലോകത്തിന് ഭീകരമായ അവസ്ഥകളും മാറ്റങ്ങളും സംജാതമാകും. ഹൃദയങ്ങൾ വിറച്ചുപോകും. കഠിന പ്രയാസങ്ങളുണ്ടാകും. നക്ഷത്രങ്ങൾ അണഞ്ഞുപോവുകയും അവയുടെ സ്ഥാനങ്ങളിൽ നിന്ന് ഉതിർന്ന് വീഴുകയും ചെയ്യും. പർവതങ്ങൾ പൊടിച്ച് പാറ്റപ്പെടും. അങ്ങനെ അവ ചിതറിയ ധൂളികളായി മാറും. ഭൂമി കുഴികളും കുന്നുകളുമില്ലാത്ത വിശാല മൈതാനമാകും.

**അന്ത്യനാൾ സംഭവിച്ചാൽ ലോകത്തിന് ഭീകരമായ അവസ്ഥകളും മാറ്റങ്ങളും സംജാതമാകും. ഹൃദയങ്ങൾ വിറച്ചുപോകും. കഠിന പ്രയാസങ്ങളുണ്ടാകും. നക്ഷത്രങ്ങൾ അണഞ്ഞുപോവുകയും അവയുടെ സ്ഥാനങ്ങളിൽ നിന്ന് ഉതിർന്ന് വീഴുകയും ചെയ്യും. പർവതങ്ങൾ പൊടിച്ച് പാറ്റപ്പെടും.**

ആ ദിവസം ദൂതന്മാർക്ക് സമയം നിർണയിച്ചുകൊടുക്കപ്പെടും. അവർക്കിടയിൽ തീരുമാനമെടുക്കാൻ അവധി നിശ്ചയിക്കപ്പെടും. അതാണ് തുടർന്ന് പറയുന്നത്.

(12) (ഏതൊരു ദിവസത്തേക്കാണ് അവർക്ക് അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്) ആ ദിവസത്തിന്റ മഹത്ത്വത്തെയും ഭീകരതയെയും ഭയാനകതയെയും ബോധ്യപ്പെടുത്തുന്ന ചോദ്യം.

13-15) തുടർന്ന് അല്ലാഹു തന്നെ മറുപടി പറയുന്നു: (തീരുമാനത്തിന്റെ ദിവസത്തേക്ക്) അതായത് സൃഷ്ടികൾക്കിടയിൽ, അവർ പരസ്പരമുള്ള കാര്യങ്ങളിൽ അവർക്ക് ഓരോരുത്തർക്കും ഒറ്റക്കായും വിചാരണയുണ്ട്. പിന്നീട് കളവാക്കുന്നവരെ ഈ ദിവസത്തെക്കുറിച്ച് താക്കീത് ചെയ്തുകൊണ്ട് പറയുന്നു: (അന്നേ ദിവസം നിഷേധിച്ചു തള്ളിയവർക്കാകുന്നു നാശം) ഓ! എന്തൊരു കഷ്ടവും കഠിനമായ ശിക്ഷയും ചീത്ത പര്യവസാനവും! അല്ലാഹു അവർക്ക് വിവരം നൽകിയിരുന്നു. അവരോട് സത്യം ചെയ്ത് പറഞ്ഞിരുന്നു. പക്ഷേ, അവർ വിശ്വസിച്ചില്ല. അതിനാൽ അവർ തീവ്രമായ ശിക്ഷക്ക് അർഹരായി

16-18). എന്നാൽ മുമ്പ് കളവാക്കിയവരെ നാം നശിപ്പിച്ചു. പിൽക്കാലത്ത് വന്നവരിൽ കളവാക്കിയവരെ അവർക്ക് ശേഷവും നശിപ്പിച്ചു. പൂർവികരിലും പിൽക്കാലക്കാരിലും ഇതാണ് അവന്റെ ചര്യ. എല്ലാ കുറ്റവാളിയും ശിക്ഷ അനുഭവിച്ചേ പറ്റൂ. നിങ്ങൾ കാണുന്നതിൽ നിന്നും കേൾക്കുന്നതിൽ നിന്നും നിങ്ങൾ ഗുണപാഠം ഉൾക്കൊള്ളാത്തതെന്താണ്?

19). (അന്നേ ദിവസം നിഷേധിച്ച് തള്ളിയവർക്കാകുന്നു നാശം) വ്യക്തമായ തെളിവുകളും മാതൃകാപരമായ ശിക്ഷകളും നേരിൽ കണ്ടതിന് ശേഷവും നിഷേധിച്ചവർക്ക്. ●

ലേഖനം

മുഹമ്മദ് നബിﷺ: 22

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# മുഹമ്മദ് നബിﷺ മദീനയിൽ

മക്കയിലെ സൗർ ഗുഹയിൽ നിന്നും നബിﷺ പുറപ്പെട്ടു. അദ്ദേഹത്തിന്റെ കൂടെ അബൂബകർ സിദ്ദീക്വും സേവകനായിക്കൊണ്ട് ആമിറുബ്നു ഫുഹൈറയും വഴി കാണിച്ചുകൊടുക്കാൻ അബ്ദു ഇബ്നു അബീ ഉറൈകത്തും ഉണ്ടായിരുന്നു. റബീഉൽ അവ്വൽ മാസത്തിലെ ഒരു തിങ്കളാഴ്ച ദിവസമാണ് അവർ മദീനയിലെത്തിയത്. മദീനക്കാർ വളരെ ആവേശത്തോടെയും സന്തോഷത്തോടെയും നബിﷺയെയും അബൂബകർ‌വിനെയും സ്വാഗതം ചെയ്തു.

സ്ത്രീകളും കുട്ടികളും ഒന്നടങ്കം പാട്ടുപാടി: 'ത്വലഅൽ ബദ്റു അലൈനാ മിൻ സനിയ്യാതിൽ വദാഇ...'

ഔസ് ഗോത്രക്കാരനായ അംറുബ്നുഔഫിന്റെ കുടുംബത്തിങ്കൽ ഖുബയിൽ നബിﷺ ഇറങ്ങി. കുൽസൂം ഇബ്നുൽ ഹദമിന്റെ വീട്ടിലും അവർ താമസിച്ചു. ഏതാണ്ട് പതിനാല് ദിവസമാണ് അവിടെ താമസിച്ചത്. ആ സന്ദർഭത്തിലാണ് പള്ളി ഉണ്ടാക്കുകയും അതിൽ നബിﷺ നമസ്കരിക്കുകയും ചെയ്തത്. സഅ്ദ് ഇബ്നു ഹൈസമയുടെ വീട്ടിൽ നബിﷺ തന്റെ അനുചരൻമാരോടൊപ്പം ഇരിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നു. കാരണം ഒരു അവിവാഹിതനായ വ്യക്തിയായിരുന്നു അദ്ദേഹം. കുടുംബം ഉണ്ടായിരുന്നില്ല. അവിവാഹിതരായ സ്വഹാബികളും അവിടെ ഉണ്ടായിരുന്നു. ഖാരിജതുബ്നു സൈദിന്റെ വീട്ടിലാണ് അബൂബകർ താമസിച്ചത്.

അനസുബ്നു മാലിക് പറയുന്നു: 'നബിﷺ മദീനയിൽ വന്നു. അങ്ങനെ മദീനയുടെ ഉയർന്ന പ്രദേശമായ ബനൂഅംറ് ഇബ്നു ഔഫിന്റെ ഗോത്രത്തിൽ താമസിച്ചു. 14 രാത്രികളാണ് അവിടെ കഴിച്ചുകൂട്ടിയത്' (ബുഖാരി: 3932, മുസ്‌ലിം 524).

വെള്ളിയാഴ്ച ദിവസം പകൽ സമയത്ത് നബിﷺ ഖുബയിൽ നിന്നും പുറപ്പെട്ടു. സാലിം ഇബ്നു ഔഫിന്റെ ഗോത്രത്തിന് സമീപത്ത് എത്തിയപ്പോൾ ജുമുഅയുടെ സമയമായി. മദീനയുടെ ഉള്ളിലേക്ക് പ്രവേശിക്കുന്ന വഴിയിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ആ താഴ്‌വരയിൽ വെച്ചുകൊണ്ട് നബിﷺതന്റെ അനുചരന്മാരെ കൂട്ടി ജുമുഅ നമസ്കരിച്ചു. മദീനയിൽ വെച്ചുകൊണ്ട് ആദ്യമായി നിർവഹിക്കപ്പെട്ട ജുമുഅ ആയിരുന്നു അത്. ഈ പള്ളി ഇന്നും മസ്ജിദിൽ ജുമുഅ എന്ന പേരിൽ അറിയപ്പെടുന്നു.

മദീനയിലെത്തിയ ശേഷം നബിﷺആദ്യമായി താമസിച്ചത് അബൂഅയ്യൂബുൽ അൻസ്വാരിയുടെ വീട്ടിലായിരുന്നു. മുഹമ്മദ് നബിﷺ മക്കയിൽ നിന്ന് പുറപ്പെട്ടിട്ടുണ്ട് എന്ന് അറിഞ്ഞ ദിവസം മുതൽ തന്നെ മദീനക്കാർ ഓരോ രാവിലെയും പ്ര

വാചകനെ പ്രതീക്ഷിച്ചു നിന്നിരുന്നു. വെയിലിന്റെ ചൂടേൽക്കാൻ തുടങ്ങിയാൽ അവർ തിരിച്ചു പോകുമായിരുന്നു. ഒരു ജൂതനാണ് നബിﷺ മദീനയിലേക്ക് കടന്നുവരുന്നത് ആദ്യമായി കാണുന്നത്. മരീചികകൾ കീറിമുറിച്ചു കൊണ്ട് നബിﷺയും അനുചരന്മാരും കടന്നു വരുന്നത് കണ്ടപ്പോൾ ജൂതൻ ഉച്ചത്തിൽ ഇപ്രകാരം വിളിച്ചുപറഞ്ഞു: 'അല്ലയോ അറബികളേ, നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന മഹാൻ ഇതാ വന്നിരിക്കുന്നു.' ഇത് കേട്ട മാത്രയിൽ മുസ്‌ലിംകൾ ഓടിയടുത്തു. ഹർറ എന്ന സ്ഥലത്ത് വെച്ച് നബിﷺയെ അവർ സ്വീകരിച്ചു. അങ്ങനെയാണ് നബി 14 ദിവസത്തോളം അവിടെ താമസിക്കുന്നത്.

തക്‌വയുടെ അടിസ്ഥാനത്തിൽ ആദ്യമായി ഉണ്ടാക്കപ്പെട്ട മസ്ജിദു ഖുബാ ആ സന്ദർഭത്തിലാണ് ഉണ്ടാക്കുന്നത്. മദീനയിൽ അസ്അദ് ഇബ്നു സുറാറയുടെ കീഴിൽ കഴിയുന്ന 2 അനാഥരായ കുട്ടികളായ സഹ്ൽ, സുഹൈൽ എന്നിവരുടെ ഈത്തപ്പഴം കൂട്ടിയിടുന്ന സ്ഥലത്താണ് നബിﷺ ചെന്നെത്തിയത്. അവിടെയാണ് നബിﷺയുടെ ഒട്ടകം മുട്ടുകുത്തിയത്. ഒട്ടകം അവിടെ മുട്ടുകുത്തിയപ്പോൾ നബിﷺ പറഞ്ഞു: 'ഇവിടെയാണ് നമ്മുടെ സ്ഥലം.' ശേഷം ആ രണ്ടു കുട്ടികളെയും വിളിപ്പിച്ചു. അവിടെ പള്ളി ഉണ്ടാക്കുവാൻ വേണ്ടി ആ സ്ഥലം കച്ചവടമാക്കാൻ സംസാരിച്ചു. പക്ഷേ, ആ കുട്ടികൾ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങൾ ഈ സ്ഥലം നിങ്ങൾക്ക് ദാനമായി നൽകുകയാണ്.' എന്നാൽ നബിﷺ അത് സ്വീകരിച്ചില്ല. അവർക്ക് പണം കൊടുത്ത് സ്ഥലം വാങ്ങി. ശേഷം അവിടെ പള്ളിയുണ്ടാക്കി. പള്ളി ഉണ്ടാക്കുന്ന സന്ദർഭത്തിൽ അതിന്റെ നിർമാണാവശ്യാർഥം തന്റെ അനുചരൻമാരോടൊപ്പം നബിﷺയും കല്ലുകൾ ചുമന്നു. ആ സന്ദർഭത്തിൽ നബിﷺ ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുവേ, പരലോകത്തെ പ്രതിഫലമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മുഹാജിറുകളോടും അൻസ്വാറുകളോടും നീ കരുണ കാണിക്കേണമേ' (ബുഖാരി: 3906).

മുഹമ്മദ് നബി ഓരോ ഗോത്രത്തിനു മുമ്പിലൂടെ നടന്നു പോകുമ്പോഴും ആ ഗോത്രങ്ങളുടെ പ്രധാനികൾ അദ്ദേഹത്തെ സ്വീകരിക്കുകയും തങ്ങളുടെ കൂടെ താമസിക്കാൻ ക്ഷണിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ നബിﷺ അവരോട് പറഞ്ഞു: 'ഒട്ടകത്തെ അതിന്റെ വഴിക്ക് വിട്ടേക്കുക. അത് കൽപിക്കപ്പെട്ടവളാണ്' (അല്ലാഹു നിശ്ചയിച്ച സ്ഥാനം എത്തുമ്പോൾ അത് മുട്ടു കുത്തും എന്നർഥം). അങ്ങനെയാണ് ഇന്ന് 'മസ്ജിദുന്നബവി' നിലനിൽക്കുന്ന സ്ഥാനം വരെ എത്തിയത്. അവിടെ ഇറങ്ങിയപ്പോൾ നബിﷺചോദിച്ചു: 'ആരുടെ വീടാണ് ഏറ്റവും അടുത്തുള്ളത്?' അബു അയ്യൂബുൽ അൻസ്വാരിﷺ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഇതാ എന്റെ വീട്. ഇതാകുന്നു വീടിന്റെ വാതിൽ...' (ബുഖാരി: 3911).

സഹ്ൽ, സുഹൈൽ എന്നീ കുട്ടികളിൽനിന്നും നബിﷺ വാങ്ങിയ സ്ഥലത്ത് മുശ്‌രിക്കുകളുടെ പഴയ ക്വബ്‌റുകളും പഴക്കം ചെന്ന, തകർന്നടിഞ്ഞ വീടുകളും ഈത്തപ്പന മരങ്ങളും ഉണ്ടായിരുന്നു. ആ ക്വബ്‌റുകൾ മാന്തിക്കളയുവാനും തകർന്ന വീടുകൾ നിരപ്പാക്കുവാനും ഈത്തപ്പന മരങ്ങൾ മുറിച്ചു കളയുവാനും കൽപിച്ചു (ബുഖാരി: 3932).

നബിﷺക്കുള്ള റൂമും പള്ളിയും നിർമിക്കുന്നതുവരെ അബു അയ്യൂബുൽ അൻസ്വാരിയുടെ വീട്ടിലാണ് താമസിച്ചത്. ഏതാണ്ട് ഒരു മാസത്തിനു ശേഷം തനിക്കു വേണ്ടി ഉണ്ടാക്കപ്പെട്ട റൂമിലേക്ക് (ഹുജ്‌റ) നബിﷺ താമസം മാറ്റി. സ്വഹാബികൾക്ക് നബിﷺയോട് എത്രത്തോളം സ്നേഹം ഉണ്ടായിരുന്നു എന്ന് ഈ സംഭവങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഓരോരുത്തർക്കും നബിﷺ തങ്ങളുടെ അടുക്കൽ ഇറങ്ങണമെന്നായിരുന്നു അഭിലാഷം. എന്നാൽ അല്ലാഹുവിന്റെ ഉദ്ദേശമെന്താണോ അതനുസരിച്ച് നടക്കട്ടെ എന്നായിരുന്നു നബിﷺയുടെ തീരുമാനം.

നബിﷺ അബൂഅയ്യൂബുൽ അൻസാരിﷺയുടെ വീട്ടിൽ താമസിക്കുന്ന സന്ദർഭത്തിൽ മക്കയിലുള്ള ആളുകളെ കൊണ്ടുവരുന്നതിനു വേണ്ടി സൈദ് ഇബ്നു ഹാരിസയെയും അബു റാഫിഇനെയും മക്കയിലേക്ക് പറഞ്ഞയച്ചു. രണ്ട് ഒട്ടകവും അഞ്ഞൂറ് ദിർഹവും അവർക്ക് നൽകുകയുണ്ടായി. അവരാണ് നബിﷺയുടെ രണ്ട് പെൺമക്കളായ ഫാത്വിമﷺ, ഉമ്മുകുൽസൂം എന്നിവരെ കൊണ്ടുവന്നത്. നബിﷺയുടെ ഭാര്യ സൗദ ബിൻത് സംഅﷺ, ഉമ്മു ഐമൻﷺ, സൈദ് ഇബ്നു ഹാരിസﷺവിന്റെ ഭാര്യ, അവരുടെ മകൻ ഉസാമതുബ്നു സൈദ് എന്നിവരും അവരുടെ കൂടെ വന്നിരുന്നു. നബിﷺയുടെ മറ്റൊരു മകളായ സൈനബ്ﷺവിനെ അവരുടെ ഭർത്താവ് അബുൽ ആസ് ഇബ്നുർറബീഅ് മദീനയിലേക്ക് പോകുവാൻ സമ്മതിക്കാതെ തടഞ്ഞുവച്ചു. കാരണം അബുൽ ആസ് അന്ന് മുശ്‌രികായിരുന്നു. നബിﷺയുടെ മറ്റൊരു മകളായ റുകിയ്യﷺയാകട്ടെ തന്റെ ഭർത്താവ് ഉസ്മാനുബ്നു അഫ്ഫാൻﷺവിന്റെ കൂടെ അബിസീനിയയിലേക്ക് മുമ്പ് ഹിജ്‌റ പോയിരുന്നു. സൈദുബ്നു ഹാരിസയുടെ കൂടെ മക്കയിൽനിന്ന് മദീനയിലേക്ക് വന്നവരോടൊപ്പം അബൂബകർﷺവിന്റെ മകനായ അബ്ദുല്ലﷺയും ഭാര്യ ഉമ്മുറൂമാൻﷺയും രണ്ടു സഹോദരിമാരായ ആഇശﷺയും അസ്മാഅ്ﷺയും ഉണ്ടായിരുന്നു. ഹാരിസതുബ്നു നുഅ്മാനിന്റെ വീട്ടിലാണ് നബിﷺയുടെ കുടുംബം മുഴുവൻ താമസിച്ചത്. അബൂബകർﷺവിന്റെ കുടുംബമാകട്ടെ സൻഹ് പ്രദേശത്തുള്ള ബനുൽ ഹാരിസ് ഇബ്നു ഖസ്‌റജിന്റെ വീട്ടിലാണ് താമസിച്ചത്. ●




# നോമ്പോർമയുടെ ലോകാനുഭവങ്ങൾ

ക്രോഡീകരണം: ഷാമില തിരുതാലമ്മൽ, സൗത്ത് കൊറിയ

ലേഖനം

2

## സൗത്ത് കൊറിയ

### ഡോ. റിയാസ് ചെറുവാടി

മുസ്‌ലിം ന്യൂനപക്ഷ രാഷ്ട്രമാണ് സൗത്ത് കൊറിയ. ഏകദേശം ഒന്നര ലക്ഷം മുസ്‌ലിംകളാണ് ഇവിടെയുള്ളത്. എന്നാൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ജോലിയാവശ്യാർഥം വന്ന മുസ്‌ലിംകൾ ധാരാളമുണ്ട്. മുസ്‌ലിംകളുടെ ഒരു പൊതു സംവിധാനമാണ് 'കൊറിയൻ മുസ്‌ലിം ഫെഡറേഷൻ.' ഇതിനു കീഴിൽ 9 ജുമുഅ മസ്ജിദുകളാണ് കൊറിയയിൽ ആകെയുള്ളത്. എന്നാൽ നമസ്‌കാര പള്ളികൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നമുക്ക് കാണാം. മതപരമായ പഠന സംവിധാനങ്ങൾക്കും പ്രബോധന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഒക്കെയായി 4 ഇസ്‌ലാമിക് സെന്ററുകൾ ഈ ഫെഡറേഷനു കീഴിലുണ്ട്.

ഒരു ജുമുഅ മസ്ജിദ് ബുസാൻ ടൗണിനോടനുബന്ധിച്ച് ഡുസിൽ എന്ന സ്ഥലത്തുണ്ട്. അവിടെയാണ് ഈ പ്രദേശവാസികൾ നമസ്‌കാരത്തിനും റമദാനിൽ തറാവീഹിനുമൊക്കെ പോകാറുള്ളത്. ഇവിടെ താരതമ്യേന പകലിന് ദൈർഘ്യം കൂടുതലാണ്. ഇപ്പോൾ രാവിലെ 3.30ന് സ്വുബ്ഹി. മഗ്‌രിബ് 7.30ന്. എന്നാൽ കാലാവസ്ഥ അനുകൂലമായതുകൊണ്ട് പ്രയാസം അനുഭവപ്പെടാറില്ല. ഇഫ്താറിനായി പള്ളിയിലാണ് ഒരുക്കങ്ങൾ നടത്താറ്. സൗജന്യമായി ആവശ്യാനുസരണം ഭക്ഷണവിഭവങ്ങൾ ലഭിക്കും. ശേഷം പള്ളിയിലെ തറാവീഹ് നമസ്‌കാരവും കഴിഞ്ഞിട്ടാണ് മിക്കവാറും ആളുകൾ പിരിഞ്ഞു പോകാറുള്ളത്.

ക്വുർആൻ പഠന ക്ലാസുകൾ ഉണ്ടാവാറുണ്ട്. ഇവിടെ നമസ്‌കാരത്തിനും ക്ലാസുകൾക്കും നേതൃത്വം നൽകുന്നതിനുവേണ്ടി സൗദിയിൽ നിന്നും മറ്റുമുള്ള പണ്ഡിതന്മാരാണ് റമദാൻ മാസത്തിൽ എത്താറുള്ളത്. തറാവീഹ് 11 റക്അത്ത് തന്നെയാണ് നമസ്‌കരിക്കാറുള്ളത്. പള്ളികളോട് അനുബന്ധിച്ചുള്ള പരിപാടികൾ കൊറിയൻ മുസ്‌ലിം ഫെഡറേഷന്റെ കീഴിൽ നടത്താറുണ്ട്. കെ.എം.എഫിന്റെ കീഴിൽ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും പ്രത്യേക വിഭാഗങ്ങൾ ഉണ്ട്. ഇവർ ചില ഒഴിവു ദിവസങ്ങളിൽ സ്ട്രീറ്റ് ദഅ്‌വ പോലുള്ള പരിപാടികൾ നടത്താറുണ്ട്. വിദേശത്തുനിന്നുള്ള വിദ്യാർഥികളുടെ സഹകരണത്തോടുകൂടിയാണ് ഇത്തരം പരിപാടികൾ നടത്തിവരാറുള്ളത്. ഇതൊക്കെ നിയന്ത്രിക്കുന്നതും നേതൃത്വം നൽകുന്നതും കെ.എം.എഫ് ആണ്. 1965ലാണ് കെ.എം.എഫ് സ്ഥാപിതമായത്.

ഒമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ അറബികൾ കച്ചവട ആവശ്യത്തിനായി കൊറിയയിൽ വന്നിട്ടുണ്ടെന്ന് ചരിത്രത്തിൽ കാണാം. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ തുർക്കിയിൽ നിന്ന് കൂടുതൽ മുസ്‌ലിംകൾ എത്തിയതോടെയാണ് മതപരമായ ചടങ്ങുകൾ അനുവർത്തിച്ചു തുടങ്ങിയത്. 1945ലെ കൊറിയൻ യുദ്ധ സമയത്ത് തുർക്കിയിലെ പട്ടാളക്കാരാണ് ടെന്റിൽ നമസ്‌കാരത്തിനുള്ള സംവിധാനം ഒരുക്കിയത്. പിന്നീട് അത് വികസിച്ചു വന്നിട്ടാണ് ഒരു പള്ളി സോളിൽ സ്ഥാപിതമായത്. ഒരു തുർക്കി ഇമാമിന്റെ കീഴിലാണ് പള്ളി സ്ഥാപിതമായത്. അദ്ദേഹത്തിന്റെ പ്രബോധ




## കാനഡ

### നൂറുദ്ദീൻ, ടൊറണ്ടോ

ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യം. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള രാജ്യം. വലിപ്പത്തിൽ അമേരിക്കയെക്കാൾ ഉണ്ടെങ്കിലും ജനവാസം കുറവ്. ആർട്ടിക് പ്രദേശത്തോട് ചേർന്ന് കിടക്കുന്നതിനാൽ മിക്ക ഭാഗവും മഞ്ഞുമൂടി ജനവാസയോഗ്യമല്ലാത്തത്. ഇതാണ് കാനഡ!

ഇവിടെ വേനലിലാണ് റമദാൻ. 4 മണി മുതൽ 9 മണിവരെ (17 മണിക്കൂർ) നീണ്ട നോമ്പ്. ശൈത്യ കാലത്ത് പകലിന്റെ ദൈർഘ്യം കുറവാണ്.

ദീർഘമായ വ്രതനാളുകളാണെങ്കിലും നോമ്പിനോട് ഈ ജനത നീതിയും സഹിഷ്ണുതയും പുലർത്തുന്നു. നോമ്പിന്റെ മഹത്ത്വം മനസ്സിലാക്കി ഇസ്‌ലാമിലേക്ക് ഒരുപാട് വിദേശികൾ കടന്നുവരുന്നുണ്ട്. ഒരു വീട്ടിൽ തന്നെ വ്യത്യസ്ത മതസ്ഥർക്കു ജീവിക്കാം. മതവും വിശ്വാസവും അവരവരുടെ വ്യക്തി ജീവിതത്തിലെ കാര്യമായിട്ടാണ് സമൂഹം വിലയിരുത്തുന്നത്. അതുകൊണ്ട് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും മതാചാരങ്ങൾ അനുവർത്തിക്കുന്നതിനും യാതൊരു വിധ വിഘ്നവും നേരിടേണ്ടി വരുന്നില്ല.

പള്ളികളിൽ സജീവമായ നോമ്പുതുറ ഉണ്ടാവാറുണ്ട്. കുടിയേറിയ മുസ്‌ലിംകളാണ് സംഘാടകർ. ടൊറണ്ടോയിൽ മാത്രം 5 വർഷം കൊണ്ട് ജനസംഖ്യയിൽ 25% മുസ്‌ലിംകളാവും എന്ന നിരീക്ഷണം ഉണ്ട്. കാരണം മുസ്‌ലിംകളുടെ സുദൃഢവും സുരക്ഷിതവുമായ കുടുംബ ജീവിതം തന്നെ. ഇവിടെ തദ്ദേശീയർക്ക് കുടുംബ ജീവിതം പരിചിതമല്ല. അവർക്കുള്ളത് ശിഥിലമായ കുടുംബ ബന്ധങ്ങളാണ്. ഖുത്വുബകളിലും മോറൽ ക്ലാസു കളിലും അന്യമതസ്ഥരും രാഷ്ട്രീയക്കാരുമായ ഗവൺമെന്റ് പ്രതിനിധികൾ വളരെ സന്തോഷത്തോടെ പങ്കെടുക്കാറുണ്ട്. ഈദ്ഗാഹുകളിലും ഫാമിലിമീറ്റുകളിലും വലിയ പരിപാടികളിലുമൊക്കെ ആശംസയർപ്പിക്കാനും സാമ്പത്തിക സഹായങ്ങൾ നൽകാനും ഇവരെത്താറുണ്ട്. എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രാർഥനയും സന്തോഷവും സ്‌നേഹം പങ്കിടലുമൊക്കെ ഇവിടത്തെ കാഴ്ചയാണ്.

ന പ്രവർത്തന ഫലമായി കൊറിയയിൽ നിന്നുള്ള ധാരാളം പേർ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. അതിൽ നിന്ന് കൊറിയൻ ഇസ്‌ലാമിക് സൊസൈറ്റി രൂപീകൃതമായി. പിന്നീട് വന്ന ഇമാം സുബൈർ കൊച്ചിന്റെ നേതൃത്വത്തിൽ നടന്ന ദഅ്‌വാ പരിപാടികളുടെ ഫലമായി 1957 കാലത്ത് 200ൽ പരം കൊറിയക്കാർ ഇസ്‌ലാം സ്വീകരിച്ചു.

1959ൽ കെ. ഐ.എസ് പ്രസിഡന്റ് സൗദി, മലേഷ്യ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. മുസ്‌ലിംകളുടെ ആവശ്യങ്ങൾ അവരെ അറിയിച്ചു. ആ കാലഘട്ടത്തിൽ അദ്ദേഹം ഹജ്ജ് ചെയ്യുകയും കൊറിയയിലെ ആദ്യത്തെ ഹാജിയായി അറിയപ്പെടുകയും ചെയ്തു. ഇതിനിടെ കൊറിയൻ വിദ്യാർഥികൾ മറ്റു രാജ്യങ്ങളിലെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റികളിൽ എത്തുകയും ഇസ്‌ലാം മതത്തെക്കുറിച്ച് കൂടുതൽ പഠിക്കുകയും തൽഫലമായി നാട്ടിൽ ഇസ്‌ലാം ത്വരിതഗതിയിൽ വളർച്ച പ്രാപിക്കുകയും ചെയ്തു. അങ്ങനെ 1965ൽ കെ. എം.എഫ് രൂപീകൃതമായി. 1976 മെയ് 1 ന് ആദ്യത്തെ ജുമുഅ മസ്ജിദ് സോളിൽ സ്ഥാപിതമായി. അതാണ് സോൾ സെൻട്രൽ ജുമുഅ മസ്ജിദ്.




1978ൽ ബൂസാനിലെ അൽഫത്താഹ് മസ്ജിദ് സ്ഥാപിതമായി. പെരുന്നാളിന് ഈ പള്ളിയിലും പള്ളിയോട് അനുബന്ധിച്ചുള്ള ഗ്രൗണ്ടിലുമാണ് നമസ്‌കാരം നടക്കാറുള്ളത്. പെരുന്നാളിന് എല്ലാ മുസ്‌ലിംകളും പള്ളിയിൽ ഒരുമിച്ചുകൂടി സന്തോഷം പങ്കുവയ്ക്കും.

# ഇറ്റലി

## നിയാസ്, കോമോ

ചരിത്ര പൈതൃകം കാത്തുസൂക്ഷിക്കുന്ന, പ്രകൃതിരമണീയമായ രാജ്യമാണ് ഇറ്റലി. രണ്ടാം ലോക മഹായുദ്ധത്തിലെ തോൽവി മൂലം അസ്ഥിരമായ ഭരണത്തിന് സാക്ഷ്യം വഹിക്കേണ്ടി വന്നു. ശരാശരി 6 മാസമാണ് ഒരു ജനകീയ സർക്കാർ നിലനിന്നത്. മാഫിയയുടെ നിയന്ത്രണത്തിലായിരുന്നു ഭരണം. എന്നിരുന്നാലും സമ്പുഷ്ടമായ പ്രകൃതിസമ്പത്തും കഠിനാധ്വാനികളായ ജനങ്ങളും കൂടി ഒത്തൊരുമിച്ചപ്പോൾ ഇറ്റലി വളരെ മികവുറ്റ ഒരു വ്യാവസായിക രാജ്യമായി മാറി. കൃഷിയിലും മത്സ്യസമ്പത്തിലും അധിഷ്ഠിതമായിരുന്ന സാമ്പത്തിക അവസ്ഥ സാവധാനം വ്യാവസായിക അടിസ്ഥാനത്തിലേക്ക് മാറിയതോടെ ലോകത്തിലെ 4ാമത്തെ ഓട്ടോമൊബൈൽ വ്യവസായ രാഷ്ട്രമായി ഇറ്റലി മാറി.

ഇറ്റലിയിലെ വടക്കൻ പ്രവിശ്യയായ 'കോമോ'യിലാണ് ഞാൻ പഠിക്കുന്ന സ്ഥാപനം. ഇവിടെ അന്യമതസ്ഥരാണ് കൂടുതൽ. മുസ്‌ലിംകൾ വളരെ കുറവ്. മൈക്കിലൂടെ ബാങ്ക് വിളിക്കാൻ നിയമം അനുവദിക്കുന്നില്ല. താമസം വിവിധ രാജ്യങ്ങളിൽ നിന്നുള്ള വ്യത്യസ്ത സംസ്‌കാരങ്ങളുള്ള വിദ്യാർഥികൾ താമസിക്കുന്ന ഒരു ഇന്റർ നാഷണൽ ഹോസ്റ്റലിലാണ്. മൊബൈൽ ആപ്പ് വഴിയാണ് നമസ്‌കാര സമയം അറിയുന്നത്. വേനലിൽ പകലിന്റെ ദൈർഘ്യം കൂടുതലാണ്. ഒരു ദിവസം പതിനെട്ട് മണിക്കൂറിലേറെ നോമ്പ് നോൽക്കേണ്ടി വരും! സ്വുബ്ഹി 3 മണിക്കാണ്. സൂര്യോദയം 5.30ന്. അസ്തമയമാകട്ടെ 9.15നും!

നോമ്പുതുറക്കാൻ സൗഹാർദപൂർവം നാനാ രാജ്യങ്ങളിൽ നിന്നുള്ള മുസ്‌ലിം സുഹൃത്തുക്കളുണ്ടാകും. പാചകം സ്വയം തന്നെ. നോമ്പിനായി പ്രത്യേക വിഭവം ഒന്നുമില്ല; എന്നത്തെയും പോലെ തന്നെ. തൈര് അവിഭാജ്യഘടകം. വിഭവങ്ങൾ സുഹൃത്തുക്കൾ പരസ്പരം പങ്കുവെക്കാറുണ്ട്. ടർക്കിഷ് പള്ളിയാണ് അടുത്തുള്ളത്. സാധാരണ മൂന്ന്നില കെട്ടിടം. മിനാരമില്ല. ഖുതുബ ടർക്കിഷ് ഭാഷയിൽ. അന്യമതസ്ഥർക്കെല്ലാം സൗഹാർദപരമായ സമീപനമാണ്. ത്യാഗികളായ നോമ്പുകാരോട് അവർക്ക് ബഹുമാനമാണ്. എല്ലാവിധ പിന്തുണയും നൽകും. തദ്ദേശീയർ നോമ്പു നോൽക്കാൻ ആഗ്രഹം പ്രകടിപ്പിക്കുന്നത് കാണാം.



# ഈസാ നബിയുടെ മരണം

ഈസാ നബി(عليه السلام): 11

ചരിത്രപഥം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

**ഈ**സാ നബി(عليه السلام) ദജ്ജാലിനെയും അവന്റെ കൂടെക്കൂടികളെയും വധിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നാം കഴിഞ്ഞ ലക്കത്തിൽ മനസ്സിലാക്കി. തുടർന്ന് ഭൂമിയിലേക്ക് യഅ്ജൂജ്, മഅ്ജൂജ് എന്ന്പേരുള്ള ഭീകരന്മാരായ ഒരു ജനവിഭാഗത്തിന്റെ പുറപ്പാട് ഉണ്ടാകുന്നതാണ്. അവരുടെ എണ്ണം വളരെ വലുതാണ്. അവർ ആഗോള തലത്തിൽ തന്നെ അങ്ങേയറ്റത്തെ അക്രമം അഴിച്ചുവിടുകയും ജനങ്ങളെ പൊറുതിമുട്ടിക്കുകയും ചെയ്യുന്ന ഒരു ജനവിഭാഗമായിരിക്കുമെന്ന് ക്വുർആനിൽ നിന്നും ഹദീസുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്.

അക്രമികളായ, അരാജകത്വം വ്യാപിപ്പിക്കുന്ന ഈ വിഭാഗത്തെ പറ്റി ക്വുർആൻ നമുക്ക് പഠിപ്പിച്ചു തരുന്നത് കാണുക:

"അങ്ങനെ യഅ്ജൂജ്, മഅ്ജൂജ് ജനവിഭാഗങ്ങൾ തുറന്നുവിടപ്പെടുകയും അവർ എല്ലാ കുന്നുകളിൽ നിന്നും കുതിച്ചിറങ്ങി വരികയും ആ സത്യവാഗ്ദാനം ആസന്നമാവുകയും ചെയ്താൽ അപ്പോഴതാ അവിശ്വസിച്ചവരുടെ കണ്ണുകൾ ഇമവെട്ടാതെ നിന്നുപോകുന്നു. ഞങ്ങളുടെ നാശമേ! ഞങ്ങൾ ഈ കാര്യത്തെപ്പറ്റി അശ്രദ്ധയിലായിപ്പോയല്ലോ. അല്ല, ഞങ്ങൾ അക്രമകാരികളായിപ്പോയല്ലോ (എന്നായിരിക്കും അവർ പറയുന്നത്)" (21:96,97).

യഅ്ജൂജ്, മഅ്ജൂജ് എന്ന പരാമർശം ക്വുർആനിൽ രണ്ടിടത്ത് നമുക്ക് കാണാൻ കഴിയും. ഇവർ ക്വുർആൻ ഇറങ്ങുന്നതിന് മുമ്പ് ഭാഗികമായി പുറപ്പെട്ടിരുന്നുവെന്നും അവർ കടുത്ത അക്രമം പ്രവർത്തിക്കുകയാണ് ചെയ്തത് എന്നും ക്വുർആൻ വിവരിക്കുന്നുണ്ട്.

"അങ്ങനെ അദ്ദേഹം രണ്ട് പർവത നിരകൾക്കിടയിൽ എത്തിയപ്പോൾ അവയുടെ ഇപ്പുറത്തുണ്ടായിരുന്ന ഒരു ജനതയെ അദ്ദേഹം കാണുകയുണ്ടായി. പറയുന്നതൊന്നും മിക്കവാറും അവർക്ക് മനസ്സിലാക്കാനാവുന്നില്ല. അവർ പറഞ്ഞു: ഹേ, ദുൽക്വർനയ്ൻ, തീർച്ചയായും യഅ്ജൂജ്, മഅ്ജൂജ് വിഭാഗങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാകുന്നു. ഞങ്ങൾക്കും അവർക്കുമിടയിൽ താങ്കൾ ഒരു മതിൽക്കെട്ട് ഉണ്ടാക്കിത്തരണമെന്ന വ്യവസ്ഥയിൽ ഞങ്ങൾ താങ്കൾക്ക് ഒരു കരം നിശ്ചയിച്ച് തരട്ടെയോ? അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് അധീനപ്പെടുത്തിത്തന്നിട്ടുള്ളത് (അധികാരവും, ഐശ്വര്യവും) (നിങ്ങൾ നൽകുന്നതിനെക്കാളും) ഉത്തമമത്രെ. എന്നാൽ (നിങ്ങളുടെ ശാരീരിക) ശക്തികൊണ്ട് നിങ്ങളെന്നെ സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ബലവത്തായ ഒരു മതിലുണ്ടാക്കിത്തരാം. നിങ്ങൾ എനിക്ക് ഇരുമ്പുകട്ടികൾ കൊണ്ട് വന്ന് തരൂ. അങ്ങനെ ആ രണ്ട് പർവതപാർശ്വങ്ങളുടെ ഇട സമമാക്കിത്തീർത്തിട്ട് അദ്ദേഹം പറഞ്ഞു: നിങ്ങൾ കാറ്റൂതുക. അങ്ങനെ അത് (പഴുപ്പിച്ച്) തീ പോലെയാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെനിക്ക് ഉരുക്കിയ ചെമ്പ് കൊണ്ട് വന്നു തരൂ. ഞാനത് അതിൻമേൽ ഒഴിക്കട്ടെ. പിന്നെ, ആ മതിൽക്കെട്ട് കയറിമറിയുവാൻ അവർക്ക് (യഅ്ജൂജ്മഅ്ജൂജിന്ന്) സാധിച്ചില്ല. അതിന്ന് തുളയുണ്ടാക്കുവാനും അവർക്ക് സാധിച്ചില്ല. അദ്ദേഹം (ദുൽക്വർനയ്ൻ) പറഞ്ഞു: ഇത് എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യമത്രെ. എന്നാൽ എന്റെ രക്ഷിതാവിന്റെ വാഗ്ദത്ത സമയം വന്നാൽ അവർ അതിനെ തകർത്ത് നിരപ്പാക്കിക്കളയുന്നതാണ്. എന്റെ രക്ഷിതാവിന്റെ വാഗ്ദാനം യാഥാർഥ്യമാകുന്നു. (അന്ന്) അവരിൽ ചിലർ മറ്റു ചിലരുടെ മേൽ തിരമാലകൾ പോലെ തള്ളിക്കയറുന്ന രൂപത്തിൽ നാം വിട്ടേക്കുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും അപ്പോൾ നാം അവരെ ഒന്നിച്ച് ഒരുമിച്ചുകൂട്ടുകയും ചെയ്യും" (18:93-99).

ചുരമാർഗത്തിലൂടെ ഒരു നാട്ടിൽ നിന്ന് മറുനാട്ടിൽ കയറിപ്പറ്റി, ആ നാട്ടുകാരോട് അക്രമം കാണിക്കുകയും അവരെ കൊള്ളയടിക്കുകയും കുട്ടികളെ തട്ടിക്കൊണ്ട് പോകുകയും ജനങ്ങളിൽ ഭീതി പടർത്തി തങ്ങളുടെ ചൊൽപടിക്ക് കീഴിലാക്കുകയുമാണ് അവർ ചെയ്തത്.

അങ്ങനെയുള്ള സന്ദർഭത്തിൽ അവിടെയുള്ള ചക്രവർത്തിയായ ദുൽക്വർനയ്ൻ ആ ഭാഗം സന്ദർശിക്കുയുണ്ടായി. ദുൽക്വർനയ്ൻ ചക്രവർത്തി നല്ലവനായ ചക്രവർത്തിയായിട്ടാണ് അറിയപ്പെട്ടിരുന്നത്.

ജനങ്ങൾക്കിടയിലെ ഭീതി നിറഞ്ഞ ആ സന്ദർഭത്തിലെ അദ്ദേഹത്തിന്റെ സന്ദർശനം ജനങ്ങൾക്ക് ഏറെ ആനന്ദമുണ്ടാക്കി. ചക്രവർത്തിയെ കണ്ടപ്പോൾ ജനങ്ങൾ കൂട്ടംകൂട്ടമായി അദ്ദേഹത്തെ സമീപിച്ചു. അവരുടെ വിഷമങ്ങൾ അദ്ദേഹത്തോട് അവർ പങ്കുവെച്ചു. യഅ്ജൂജ്, മഅ്ജൂജ് വിഭാഗങ്ങളുടെ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനായി അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അതിനായി നിങ്ങൾക്ക് ഏതുവിധേനയുള്ള സഹായവും നൽകാം എന്നും അവർ അദ്ദേഹത്തോട് പറഞ്ഞു.

യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാരുടെ കുഴപ്പം അത്ര ഭീകരമായതിനാലാണ് ആ നാട്ടുകാർ ദുൽക്വർനയ്നിയോട് ഇങ്ങനെയെല്ലാം ആവശ്യപ്പെട്ടത്. എന്നാൽ ദുൽക്വർനയ്ൻ അവരുടെ സാമ്പത്തികമായ സഹായങ്ങളൊന്നും സ്വീകരിക്കാതെ തന്നെ അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹത്തെ ഓർത്ത് ആ

**യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ ആരായിരുന്നു, അവർ ഏത് പ്രദേശക്കാരായിരുന്നു, അവർ ഇറങ്ങി വന്നിരുന്ന ആ മലഞ്ചെരുവ് ഏതായിരുന്നു, അവരുടെ കൊടിയ പീഡനത്തിന് ഇരയായ ആ ജനങ്ങൾ എവിടത്തുകാരായിരുന്നു, പീഡിതരായ ആ ജനതക്ക് മോചകനായി വന്ന ദുൽക്വർനയ്ൻ ഏത് കാലക്കാരനായിരുന്നു എന്നീ കാര്യങ്ങളിലെല്ലാം മുഫസ്സിറുകൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉള്ളത്. പ്രമാണങ്ങളിൽ വിവരിക്കപ്പെടാത്തതിനാൽ ആരുടെ അഭിപ്രായത്തെയും ശരിപ്പെടുത്താൻ നമുക്ക് നിർവാഹമില്ല. അവർ (യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ) മങ്കോളികളാണെന്നും താർത്താരികളാണെന്നും എല്ലാം അഭിപ്രായപ്പെട്ടത് കാണാൻ കഴിയും. അവർ ഇറങ്ങിവന്ന മലഞ്ചെരുവ് കൊക്കേഷ്യയിലെ ദാരിയാൽ ചുരമാണെന്നും അവിടെയുള്ള ഇരുമ്പ് മലയാണ് ക്വുർആൻ പരാമർശിച്ചിട്ടുള്ള ആ മല എന്നും സൈറസ് രാജാവാണ് ദുൽക്വർനയ്ൻ എന്നും അഭിപ്രായങ്ങളുണ്ട്.**


പീഡിതരെ സഹായിക്കാൻ തയ്യാറായി. എന്നാൽ ആ ഉദ്യമം ദുൽക്വർനയ്ന് തനിച്ച് പൂർത്തിയാക്കൽ പ്രയാസകരമായിരുന്നു. അതിനാൽ അദ്ദേഹം അവരുടെ ശാരീരികമായ ശക്തിയുടെ സഹായം അവരോട് ആവശ്യപ്പെട്ടു.

ദുൽക്വർനയ്ൻ ആവശ്യപ്പെട്ടത് പ്രകാരം അവർ അദ്ദേഹത്തിന് ഇരുമ്പിന്റെ കട്ടികൾ കൊണ്ടുപോയി കൊടുത്തു. എന്നിട്ട് യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ ഇറങ്ങിവരാറുള്ള ആ രണ്ട് മലകൾക്കിടയിലുള്ള വിടവിൽ അവ നിരത്തിവെച്ചു. പിന്നീട് അദ്ദേഹം അവരോട് ആ ഇരുമ്പിൻ കട്ടികൾ പഴുത്ത് ഉരുകുന്ന അവസ്ഥ ആയിത്തിരുന്നതിനായി അതിലേക്ക് നന്നായി ഊതാൻ ആവശ്യപ്പെട്ടു. അപ്രകാരം അവർ ചെയ്തു. ആ ഇരുമ്പിൻ കട്ടികൾ നന്നായി പഴുത്തതിന് ശേഷം അതിലേക്ക് ഉരുകിയ ചെമ്പ് ഒഴിക്കുന്നതിനായി അത് കൊണ്ടുവരാനും ദുൽക്വർനയ്ൻ അവരോട് പറഞ്ഞു. അങ്ങനെ യാതൊരു വിടവും ഇല്ലാത്ത വിധം ഉരുകിയ ചെമ്പ് ആ ഇരുമ്പിൻ കട്ടികളെ ഭദ്രമാക്കി. അങ്ങനെ യഅ്ജൂജ്, മഅ്ജൂജിന് തകർക്കാൻ കഴിയാത്ത വിധം ശക്തമായ മതിൽക്കെട്ട് അദ്ദേഹം അവർക്ക് ഉണ്ടാക്കിക്കൊടുത്തു.

ഈ മതിൽക്കെട്ടിന് അപ്പുറത്തുള്ള യഅ്ജൂജ്, മഅ്ജൂജ് ഒരുനാൾ അതിനെ തകർത്ത് വീണ്ടും പ്രത്യക്ഷപ്പെടുന്നതാണ്. അതിലേക്ക് സൂചന നൽകിക്കൊണ്ടാണ് ദുൽക്വർനയ്ൻ ഇപ്രകാരം പറഞ്ഞത്: ‘ഇത് എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യമത്രെ. എന്നാൽ എന്റെ രക്ഷിതാവിന്റെ വാഗ്ദത്ത സമയം വന്നാൽ അവർ അതിനെ തകർത്ത് നിരപ്പാക്കിക്കളയുന്നതാണ്. എന്റെ രക്ഷിതാവിന്റെ വാഗ്ദാനം യാഥാർഥ്യമാകുന്നു.’

അന്ത്യനാളിനോട് അടുത്ത് അവർ ഇനിയും വരും. അന്ന് അവർ ആ മതിൽകെട്ട് തകർത്ത് മനുഷ്യർക്കിടയിൽ സമാനതകളില്ലാത്ത വിധം അക്രമം അഴിച്ചുവിടുന്നതാണ്. പിന്നീട് അന്ത്യദിനം സംഭവിക്കുകയും അവരെ അല്ലാഹു വിചാരണക്കായി ഒരുമിച്ച് കൂട്ടുകയും ചെയ്യുന്നതാണ്.

യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ ആരായിരുന്നു, അവർ ഏത് പ്രദേശക്കാരായിരുന്നു, അവർ ഇറങ്ങിവന്നിരുന്ന ആ മലഞ്ചെരുവ് ഏതായിരുന്നു, അവരുടെ കൊടിയ പീഡനത്തിന് ഇരയായ ആ ജനങ്ങൾ എവിടത്തുകാരായിരുന്നു, പീഡിതരായ ആ ജനതക്ക് മോചകനായി വന്ന ദുൽക്വർനയ്ൻ ഏത് കാലക്കാരനായിരുന്നു എന്നീ കാര്യങ്ങളിലെല്ലാം മുഫസ്സിറുകൾക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉള്ളത്. പ്രമാണങ്ങളിൽ വിവരിക്കപ്പെടാത്തതിനാൽ ആരുടെ അഭിപ്രായത്തെയും ശരിപ്പെടുത്താൻ നമുക്ക് നിർവാഹമില്ല. അവർ (യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ) മങ്കോളികളാണെന്നും താർത്താരികളാണെന്നും എല്ലാം അഭിപ്രായപ്പെട്ടത് കാണാൻ കഴിയും. അവർ ഇറങ്ങിവന്ന മലഞ്ചെരുവ് കൊക്കേഷ്യയിലെ ദാരിയാൽ ചുരമാണെന്നും അവിടെയുള്ള ഇരുമ്പ് മലയാണ് ക്വുർആൻ പരാമർശിച്ചിട്ടുള്ള ആ മല എന്നും സൈറസ് രാജാവാണ് ദുൽക്വർനയ്ൻ എന്നും അഭിപ്രായങ്ങളുണ്ട്.




അന്ത്യനാളിന് മുന്നോടിയായി അവർ വരുന്ന രംഗം അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടുണ്ട്. യഅ്ജൂജ്,മഅ്ജൂജ് വിഭാഗക്കാരെ പറ്റി ക്വുർആൻ രണ്ടിടത്ത് വിവരിച്ചതിലും നമുക്ക് അത് കാണാം.

മസീഹുദ്ദജ്ജാലിനെ ഈസാ നബി കൊന്നതിന് ശേഷം, ഈസാ(عليه السلام) ജീവിച്ചിരിക്കുന്ന കാലത്ത് തന്നെയാണ് യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ ഇനി വരിക. അവർ വന്നതിന് ശേഷം മനുഷ്യർക്കിടയിൽ ധാരാളം കുഴപ്പങ്ങളും അക്രമങ്ങളും ഉണ്ടാക്കുന്നതാണ്. അപ്പോളുള്ള അവരുടെ രൂപത്തെക്കുറിച്ച് നബിﷺ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. വട്ടത്തിലുള്ള പരന്ന മുഖവും കുറിയ കണ്ണുകളും ആയിരിക്കും അവർക്കുണ്ടാകുക. അവരുടെ മുടി ചു

വപ്പു നിറമുള്ളതോ ചെമ്പിച്ചതോ ആയിരിക്കും. അവരുടെ എണ്ണം ധാരാളമായിരിക്കും.

അവർ വന്നതിന് ശേഷം പ്രസിദ്ധമായ നദികളിലെ വെള്ളം കുടിച്ച് തീർക്കുന്നതാണ്. ഇതും അവരുടെ എണ്ണത്തിന്റെ ആധിക്യം നമുക്ക് അറിയിച്ച് തരുന്നുണ്ട്.

അവർ വരുന്ന സമയത്ത് ഈസാ നബി عليه السلامയുടെ കൂടെ വിശ്വാസികൾ ഉണ്ടാകുന്നതാണ്. യുദ്ധം ചെയ്ത് തോൽപിക്കാൻ സാധിക്കാത്ത ഒരു വൻശക്തി ഇറങ്ങിപ്പുറപ്പെടാൻ പോകുന്ന വിവരം അല്ലാഹു ഈസാ നബി عليه السلامക്ക് അറിയിച്ചുകൊടുക്കും. അതിനാൽ തന്റെ അടിമകളെയും കൂട്ടി ത്വൂർ പർവതത്തിലേക്ക് പുറപ്പെടാൻ അല്ലാഹു ഈസാ നബി عليه السلامയോട് കൽപിക്കും. ഈസാ عليه السلام അപ്രകാരം ചെയ്യും. അപ്പോഴാണ് യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ ആ മതിൽ തകർത്ത് തുടരെത്തുടരെയായി ഇരച്ച് പുറത്ത് കടക്കുക. ധാരാളം വെള്ളമുള്ള ത്വബ്‌രിയ്യ തടാകത്തിന്റെ അരികിലൂടെ യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാരിലെ ആദ്യ നിര നടന്ന് പോകും. അവർ ആ തടാകത്തിലെ വെള്ളം കുടിച്ച് തീർക്കുകയും ചെയ്യും. നമുക്ക് ചിന്തിക്കാൻ പോലും കഴിയാത്ത അത്ര എണ്ണം അവർ ഉണ്ടായിരിക്കും എന്ന് വ്യക്തം!

ഈസാ عليه السلامയും വിശ്വാസികളും പ്രത്യേകമായ ഒരു സാഹചര്യത്തിൽ ആയിത്തീരും. യഅ്ജൂജ്, മഅ്ജൂജ് വിഭാഗം ഈസാ നബി عليه السلامയെയും വിശ്വാസികളെയും വലയം ചെയ്യും. അവരിൽ നിന്ന് ഈസാ നബി عليه السلامക്കും വിശ്വാസികൾക്കും രക്ഷപ്പെടാൻ സാധിക്കുകയില്ല. അങ്ങനെ അവർക്ക് കടുത്ത ക്ഷാമം നേരിടും. ഈസാ നബി عليه السلامയും വിശ്വാസികളും അവരുടെ ഉപദ്രവത്തിൽ നിന്ന് രക്ഷപ്പെടാനായി മലയിടുക്കുകളിലും മറ്റും അഭയം തേടാൻ ശ്രമിക്കും. അവർ അല്ലാഹുവിനോട് രക്ഷക്കായി പ്രാർഥിക്കും. അല്ലാഹു അവരുടെ പ്രാർഥന സ്വീകരിക്കുകയും ചെയ്യും. ശേഷം ആ ദുഷ്ടന്മാരുടെ പിരടികളിൽ ഒരു തരം പുഴുക്കൾ പ്രത്യക്ഷപ്പെടുന്നതാണ്. അത് ബാധിച്ചതിന് ശേഷം അവർ എല്ലാവരും നശിക്കുകയും ചെയ്യും.


പർവതനിരകളിൽ അഭയം തേടിയിട്ടുള്ള ഈസാ നബി عليه السلامയും വിശ്വാസികളും അവിടെ നിന്നും താഴേക്ക് ഇറങ്ങി വരും. അപ്പോൾ യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാരുടെ ശവശരീരങ്ങളുടെ എണ്ണം കൊണ്ട് അവർക്ക് ഭൂമിയിൽ നടക്കാൻ പോലും സാധിക്കുകയില്ല. അങ്ങനെ ഈസാ നബി عليه السلامയും വിശ്വാസികളും അല്ലാഹുവിനോട് പ്രാർഥിക്കും. അപ്പോൾ അല്ലാഹു ചില പക്ഷികളെ ഇറക്കും. അവ ആ ശവശരീരങ്ങൾ കൊത്തിവലിച്ച് കൊണ്ടുപോകുന്നതാണ്. പിന്നീട് ഒരു മഴ വർഷിക്കും. അത്മുഖേന ഭൂമി വൃത്തിയാകുകയും ചെയ്യും. അവർക്ക് ജീവിക്കുവാൻ യോഗ്യമായ രൂപത്തിൽ ഭൂമി മാറ്റപ്പെടുന്നതാണ്.

യഅ്ജൂജ്, മഅ്ജൂജിന്റെ നാശത്തിന് ശേഷം ഈസാ عليه السلام തന്റെ ദൗത്യം പൂർത്തിയാക്കുകയാണ്. ഭൂമിയിൽ നീതിപൂർവം ഭരണം നടത്തുകയും കുരിശുകൾ തകർക്കുകയും പന്നികളെ കൊന്നുകളയു




**മസീഹുദ്ദജ്ജാലിനെ ഈസാ നബി عليه السلام കൊന്നതിന് ശേഷം, ഈസാഊ ജീവിച്ചിരിക്കുന്ന കാലത്ത് തന്നെയാണ് യഅ്ജൂജ്, മഅ്ജൂജ് വിഭാഗക്കാർ ഇനി വരിക. അവർ വന്നതിന് ശേഷം മനുഷ്യർക്കിടയിൽ ധാരാളം കുഴപ്പങ്ങളും അക്രമങ്ങളും ഉണ്ടാക്കുന്നതാണ്. അപ്പോളുള്ള അവരുടെ രൂപത്തെക്കുറിച്ച് നബി ﷺ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. വട്ടത്തിലുള്ള പരന്ന മുഖവും കുറിയ കണ്ണുകളും ആയിരിക്കും അവർക്കുണ്ടാകുക. അവരുടെ മുടി ചുവപ്പു നിറമുള്ളതോ ചെമ്പിച്ചതോ ആയിരിക്കും. അവരുടെ എണ്ണം ധാരാളമായിരിക്കും. അവർ വന്നതിന് ശേഷം പ്രസിദ്ധമായ നദികളിലെ വെള്ളം കുടിച്ച് തീർക്കുന്നതാണ്. ഇതും അവരുടെ എണ്ണത്തിന്റെ ആധിക്യം നമുക്ക് അറിയിച്ച് തരുന്നുണ്ട്.**

**ഈസാعليه السلام ഇറങ്ങിവന്നതിന് ശേഷം നാൽപത് കൊല്ലം ഭൂമിയിൽ ജീവിക്കും. ശേഷം അദ്ദേഹം മരണപ്പെടുകയും അന്ന് ജീവിച്ചിരിപ്പുള്ള വിശ്വാസികൾ അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്യുന്നതാണ്. എവിടെയായിരിക്കും ഈസാ നബിعليه السلامയുടെ ക്വബ്ർ ഉണ്ടാകുക എന്നത് സ്വീകാര്യമായ ഹദീസുകളിൽ വന്നിട്ടില്ല. നബിﷺയുടെയും അബൂബകർرضي الله عنهവിന്റെ ഉമർرضي الله عنهവിന്റെയും അടുത്തായിരിക്കും ഈസാ നബിعليه السلامയുടെ ക്വബ്ർ ഉണ്ടാകുക എന്ന് ദുർബലമായ റിപ്പോർട്ടിൽ വന്നിട്ടുണ്ട്.**




കയും കരം നിർത്തലാക്കുകയും ചെയ്യും.

ആ കാലം സമ്പന്നതകൊണ്ട് അനുഗ്യഹീതമായിരിക്കും. ആളുകൾക്ക് സമ്പത്ത് ആവശ്യമില്ലാത്ത ഒരു കാലമായിരിക്കും അത്. പകയോ വിദ്വേഷമോ അസൂയയോ ഇല്ലാത്ത ഒറ്റ മനസ്സോടെയായിരിക്കും അന്നത്തെ ജനങ്ങൾ.

അന്ത്യസമയം അടുത്തിരിക്കുന്നു എന്നത് അവർക്ക് നന്നായി ബോധ്യപ്പെടുന്ന സമയമാണ് അത്. കാരണം, അടയാളങ്ങൾ ഓരോന്നും അവർ കണ്ടും അനുഭവിച്ചും കഴിഞ്ഞു. അതിനാൽ ഭൂമിയിലുള്ള എല്ലാത്തിനെക്കാളും വലുത് ഒരു സുജൂദാണ് എന്ന അവസ്ഥയിലേക്ക് അവർ മാറും. പരലോകത്തേക്ക് അവർ വിഭവങ്ങൾ ഉണ്ടാക്കുന്നതാണ്.

ഈസാعليه السلام ഇറങ്ങിവന്നതിന് ശേഷം നാൽപത് കൊല്ലം ഭൂമിയിൽ ജീവിക്കും. ശേഷം അദ്ദേഹം മരണപ്പെടുകയും അന്ന് ജീവിച്ചിരിപ്പുള്ള വിശ്വാസികൾ അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്യുന്നതാണ്. എവിടെയായിരിക്കും ഈസാ നബിعليه السلامയുടെ ക്വബ്ർ ഉണ്ടാകുക എന്നത് സ്വീകാര്യമായ ഹദീസുകളിൽ വന്നിട്ടില്ല. നബിﷺയുടെയും അബൂബകർرضي الله عنهവിന്റെ ഉമർرضي الله عنهവിന്റെയും അടുത്തായിരിക്കും ഈസാ നബിعليه السلامയുടെ ക്വബ്ർ ഉണ്ടാകുക എന്ന് ദുർബലമായ റിപ്പോർട്ടിൽ വന്നിട്ടുണ്ട്.

ഈസാ നബിعليه السلام മരണത്തിന് മുമ്പ് നബിﷺ പഠിപ്പിച്ചത് പ്രകാരം ഒരു ഹജ്ജും ഉംറയും നിർവഹിക്കുന്നതാണ് എന്ന് നബിﷺ നമ്മെ അറിയിച്ചിട്ടുണ്ട്.

**സുവിശേഷങ്ങളിലെ ദുരാരോപണങ്ങൾ**

തങ്ങളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് മഹാന്മാരെ ചിത്രീകരിക്കുന്ന പ്രവണത യഹൂദ റബ്ബിമാരിൽ നിന്ന് സുവിശേഷ നിർമാതാക്കളിലേക്ക് പകർന്നതായി കാണാൻ കഴിയും.

ഇസ്രാഈലിന്റെ രക്ഷകനായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന സുവിശേഷങ്ങൾ, പക്ഷേ, ഒരു മാതൃകാ വ്യക്തിത്വത്തിന് ഉണ്ടായിരിക്കാൻ പാടില്ലാത്ത കാര്യങ്ങൾ അദ്ദേഹത്തിൽ ആരോപിച്ചിട്ടുണ്ട്.

സ്വന്തം മാതാവിനെ 'സ്ത്രീ'യെന്ന് അഭിസംബോധന ചെയ്തയാളായിട്ടാണ് ഈസാ നബിയെ സുവിശേഷം പഠിപ്പിക്കുന്നത്. ഗലീലിയയിലെ കല്യാണ വിരുന്നിൽ വെച്ച് ക്രിസ്തു തന്നെ നൊന്തു പ്രസവിച്ച മാതാവായ മറിയയോട് പറയുന്നതായി ഇപ്രകാരം കാണാം: 'സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല' (യോഹന്നാൻ 2:5).

കാനായിലെ കല്യാണ വിരുന്നിൽ വെച്ച് പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റി (യോഹന്നാൻ2:9) എന്നും 'ഹേ അണലി സന്തതികളേ...' (മത്തായി 12:34) എന്ന് വിളിച്ച് മോശമായി ജനങ്ങളെ അഭിസംബോധന ചെയ്തു എന്നും കാണാം. ആളുകളെ ചാട്ട കൊണ്ടടിച്ച് പുറത്താക്കിയ (യോഹന്നാൻ 2:1317) ക്ഷിപ്രകോപിയായും പരിചയപ്പെടുത്തുന്നു. ഒരു യാത്രാമധ്യെ യേശുവിന് വിശന്നപ്പോൾ ദൂരെ കണ്ട ഇലകൾ നിറഞ്ഞ ഒരു അത്തിമരത്തിനടുത്തേക്ക് അത്തിപ്പഴം തിന്നാനായി അദ്ദേഹം ചെന്നു. അത് അത്തിപ്പഴമുണ്ടാകുന്ന കാലമല്ലാത്തതിനാൽ അതിന്മേൽ ഇലകളല്ലാതെ അദ്ദേഹം മറ്റൊന്നും കണ്ടില്ല. ഉടൻ തന്നെ കോപിഷ്ഠനായി അദ്ദേഹം പറഞ്ഞു: 'ആരും ഒരിക്കലും നിന്റെ ഫലം ഭക്ഷിക്കാതിരിക്കട്ടെ' (മാർക്കോസ് 11:14). തൽക്ഷണം ആ അത്തിമരം വാടിക്കരിഞ്ഞുപോയത്രെ. ഇങ്ങനെ ബൈബിൾ പരിചയപ്പെടുത്തുമ്പോൾ ക്രിസ്തുവിൽ നല്ല മാതൃകയാണോ ചീത്ത മാതൃകയാണോ നമുക്ക് കാണാൻ കഴിയുക?!

പ്രവാചകന്മാരെ ആദരിക്കേണ്ടത് പോലെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് വിശ്വാസികളുടെ ബാധ്യതയാണ്. അവരുടെ ജീവിത മാർഗമാണ് നാം പിന്തുടരേണ്ടത്.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

പുനരാഖ്യാനം:



# കർഷകനും കറുത്ത കല്ലുകളും

അബൂഹനാൻ കഠിനാധ്വാനിയായ നല്ല ഒരു കർഷകനായിരുന്നു. കാലത്തുതന്നെ അദ്ദേഹം ആവശ്യമായ വെള്ളവും ഭക്ഷണവുമായി അകലെയുള്ള കൃഷിസ്ഥലത്തേക്ക് പോകും. വൈകുന്നേരം വീട്ടിലേക്ക് മടങ്ങും.

ഒരിക്കൽ അദ്ദേഹം കൃഷിസ്ഥലം കിളച്ചുമറിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു സ്ഥലത്ത് കിളച്ചപ്പോൾ കട്ടിയും ഉറപ്പുമുള്ള എന്തിലോ മൺവെട്ടി തട്ടിയ പോലെ തോന്നി. വീണ്ടും കിളച്ചു നോക്കി. അതെ, അവിടെ എന്തോ ഉണ്ട്. അത് കല്ലല്ല എന്ന് ഉറപ്പാണ്. കാരണം മൺവെട്ടി അതിൽ കൊള്ളുമ്പോൾ ഒരു മുഴക്കം കേൾക്കുന്നുണ്ട്. അദ്ദേഹത്തിന് അത് എന്താണെന്നറിയാൻ ആകാംക്ഷയായി.

അത് എന്താണെന്ന് അറിഞ്ഞിട്ടു തന്നെ ബാക്കി കാര്യം. അബൂഹനാൻ ഏറെ പണിപ്പെട്ട് അതിനു ചുറ്റും ആഴത്തിൽ കിളച്ച് ചുറ്റുമുള്ള മണ്ണ് നീക്കി. അത് വലിയൊരു പെട്ടിയായിരുന്നു. അദ്ദേഹം ഏറെ പണിപ്പെട്ട് പെട്ടി പുറത്തെടുത്തു.

അതിനുള്ളിൽ എന്തായിരിക്കും? സ്വർണവും വെള്ളിയുമൊക്കെയുള്ള നിധിയായിരിക്കുമോ? ആകാംക്ഷയോടെ അദ്ദേഹം പെട്ടി തുറന്നു. നിരാശയായിരുന്നു ഫലം. ഉള്ളിൽ നിറയെ പല വലിപ്പത്തിലും ആകൃതിയിലുമുള്ള പൊടിപിടിച്ച കറുത്ത കല്ലുകൾ മാത്രം!

ഈ കല്ലുകൾ കൊണ്ട് എന്ത് ഗുണം? വലിച്ചെറിഞ്ഞാലോ? അല്ലെങ്കിൽ വേണ്ട! ധാന്യങ്ങൾ മൂപ്പെത്തുമ്പോൾ അവ കൊത്തിത്തിന്നാൻ വരുന്ന പക്ഷികളെ എറിഞ്ഞോട്ടാൻ ഈ കല്ലുകൾ ഉപയോഗിക്കാം. അതുവരെ വീട്ടിൽ സൂക്ഷിക്കാം; അബൂഹനാൻ ചിന്തിച്ചു.

മാസങ്ങൾ കഴിഞ്ഞു. അബൂഹനാന്റെ കൃഷിയിടത്തിൽ ധാന്യങ്ങൾ വിളഞ്ഞു. മൂപ്പെത്തിത്തുടങ്ങാറായ ധാന്യമണികൾ കൊത്തിത്തിന്നാൻ പക്ഷികൾ എത്തിത്തുടങ്ങി. അദ്ദേഹം ആ വലിയ പെട്ടിയിൽ നിന്ന് ഓരോ കല്ലെടുത്ത് പക്ഷികളെ എറിഞ്ഞകറ്റാൻ തുടങ്ങി. അങ്ങനെ പല ദിവസങ്ങൾ കഴിഞ്ഞു.

ഒരു ദിവസം അബൂഹനാൻ പക്ഷികളെ എറിഞ്ഞാട്ടിക്കൊണ്ടിരിക്കവെ പാടവരമ്പിലൂടെ ഒരാൾ നടന്നുവന്നു. അയാൾ വിലകൂടിയ രത്നക്കല്ലുകളും മുത്തുകളും വജ്രവുമൊക്കെ കച്ചവടം ചെയ്യുന്ന വ്യക്തിയായിരുന്നു. കർഷകൻ പക്ഷികൾക്ക് നേരെ എറിഞ്ഞ രണ്ടു കല്ലുകൾ നടന്നുവരികയായിരുന്ന കച്ചവടക്കാരന്റെ അടുത്തു ചെന്നാണ് വീണത്. ആ കല്ലുകൾക്ക് എന്തോ പ്രത്യേകതയുള്ളതായി തോന്നിയതിനാൽ അദ്ദേഹം കുനിഞ്ഞ് രണ്ടു കല്ലുകളും കയ്യിലെടുത്ത് പരിശോധിച്ചു. അവ രണ്ടും വിലയേറിയ വജ്രക്കല്ലുകളായിരുന്നു!

കർഷകൻ കച്ചവടക്കാരൻ കല്ലുകൾ കയ്യിലെടുത്ത് നിൽക്കുന്നത് കണ്ടപ്പോൾ അദ്ദേഹത്തിനടുത്തേക്ക് ചെന്നു. സത്യസന്ധനായ ആ കച്ചവടക്കാരൻ കർഷകനോട് ചോദിച്ചു:

“ഈ കല്ലുകൾ എനിക്ക് തരുമോ? ഓരോ കല്ലിനും അയ്യായിരം രൂപ വീതം തരാം”



കച്ചവടക്കാരൻ തന്നെ കളിയാക്കുകയാണെന്ന് വിചാരിച്ച കർഷകൻ തരില്ല എന്ന് മറുപടി പറഞ്ഞു.

“എങ്കിൽ അമ്പതിനായിരം വീതം തരാം” കച്ചവടക്കാരൻ പറഞ്ഞു.

കർഷൻ ഇത് കേട്ട് അത്ഭുതപ്പെട്ടു. എന്താണ് ഇയാൾ പറയുന്നത്! ഇയാൾക്ക് ഭ്രാന്താണോ? ഒരു കല്ലിന് ഇത്രയും വിലയോ? ഇതെന്ത് മറിമായം!

കർഷകൻ ഒരു പാവമാണെന്നും ഈ കല്ലിന്റെ മൂല്യത്തെക്കുറിച്ച് അയാൾക്ക് അറിയില്ലെന്നും മനസ്സിലായ കച്ചവടക്കാരൻ പറഞ്ഞു:

“സഹോദരാ, ഇവ സാധാരണ കല്ലുകളല്ല. വിലയേറിയ വജ്രക്കല്ലുകളാണ്. താങ്കൾക്ക് ഇത് എവിടെനിന്നാണ് കിട്ടിയത്? ഇതുകൊണ്ടാണോ കിളികളെ ആട്ടുന്നത്?”

ഇത് കേട്ട കർഷകൻ ഞെട്ടിപ്പോയി. താൻ എന്ത് വിഡ്ഢിത്തമാണ് ഇത്രയും നാൾ ചെയ്തത്! നൂറ് കണക്കിന് കല്ലുകളാണ് പക്ഷികളെ എറിഞ്ഞ് കളഞ്ഞത്. ദൂരെ ചെന്നു വീണതെല്ലാം പലർക്കും കിട്ടിയിട്ടുണ്ടാകും. ഇനി പെട്ടിയിൽ ബാക്കിയുള്ളത് രണ്ട് കല്ലുകൾ മാത്രം. അയാൾ സങ്കടത്താൽ കരയാൻ തുടങ്ങി. കരച്ചിലിനിടയിൽ, സംഭവിച്ച കാര്യമെല്ലാം കച്ചവടക്കാരനോട് പറഞ്ഞു.

“സുഹൃത്തേ, ഇനി കരഞ്ഞതുകൊണ്ട് കാര്യമില്ല. നഷ്ടപ്പെട്ടത് നഷ്ടപ്പെട്ടു. കൃഷി കൊയ്തെടുത്തശേഷം പാടത്ത് തിരഞ്ഞു നോക്കുക. ചിലപ്പോൾ കുറച്ചു കല്ലുകളെങ്കിലും കണ്ടെത്താൻ കഴിഞ്ഞേക്കും. ബാക്കിയുള്ള കല്ലുകൾ എനിക്ക് തരൂ. മൂല്യമനുസരിച്ചുള്ള കാശ് ഞാൻ തരാം” കച്ചവടക്കാരൻ കർഷകനെ ആശ്വസിപ്പിച്ചു.

കൂട്ടുകാരേ, ഇതുപോലെ തന്നെയാണ് നമ്മുടെ സമയവും. സമയം വളരെ വിലപ്പെട്ടതാണ്. ഇന്ന് നാം അത് വെറുതെ പാഴാക്കിക്കളയുന്നു. കർഷകൻ കല്ല് എറിഞ്ഞുകളഞ്ഞത് പോലെ നമ്മുടെ സമയം നമ്മൾ അവിടെയും ഇവിടെയുമായി വെറുതെ കളയുന്നുണ്ട്. സമയത്തിന്റെ വിലയെക്കുറിച്ച് നാം ചിന്തിക്കുന്നേയില്ല. എന്നാൽ നാളെ പരലോകത്ത് അല്ലാഹു നമ്മെ വിചാരണ ചെയ്യുമ്പോൾ സമയത്തിന്റെ വില നാം തിരിച്ചറിയും. ആയുസ്സ് ഏത് വഴിയിൽ വിനിയോഗിച്ചു എന്ന ചോദ്യത്തിന് നന്മയുടെ മാർഗത്തിൽ എന്ന് മറുപടി പറയാൻ സാധിച്ചാലേ നമുക്ക് രക്ഷയുള്ളൂ. ഇപ്പോൾ നമുക്കുള്ളത് സമയത്തെ നന്നായിഉപയോഗപ്പെടുത്താനുള്ള അവസരമാണ്. അത് നഷ്ടപ്പെടുത്താതെ ജീവിക്കുക.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 17

ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ: 11



# ഇൽഫതുൽ ഇസ്‌ലാമിന്റെ ഇതളുകളിൽ വിരിയുന്ന ഇസ്‌ലാമിക സമാജം

**ഇ**സ്‌ലാമിക ഐക്യത്തിന്റെ സർവ സൗരഭ്യങ്ങളും പ്രസരിപ്പിക്കുന്നതാകണം ആ സമാജം. ഇസ്‌ലാം വിഭാവനം ചെയ്യുന്ന പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും സുരഭില സൗന്ദര്യം കൊണ്ട് ആരെയും ആകർഷിക്കാൻ അതിന് കഴിയണം. ഈ ഒരു നിലപാടുതറയിൽ നിന്നുകൊണ്ടാണ്, ഒരു നൂറ്റാണ്ട് മുമ്പത്തെ കേരള മുസ്‌ലിം സമാജത്തിന്റെ കഴിവും കഴിവുകേടും വിശകലനം ചെയ്തുകൊണ്ട്, നിഖില മേഖലകളിലും എഴുന്നുനിൽക്കാൻ അതിനെ പ്രാപ്തമാക്കുന്ന എല്ലാ പ്രായോഗിക പദ്ധതികളും 'ഇൽഫതുൽ ഇസ്‌ലാം' എന്ന തന്റെ സർവതല സ്പർശിയായ രചനാ വിസ്മയത്തിലൂടെ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ മുന്നോട്ടുവെക്കുന്നത്.

## ഇസ്‌ലാമിക സമാജത്തിന്റെ പ്രാധാന്യം

'നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.'

വിശുദ്ധ ക്വുർആനിലെ മൂന്നാം അധ്യായം ആലുഇംറാനിലെ നൂറ്റിനാലാമത്തെ ഈ വചനം വിശദീകരിച്ചുകൊണ്ട് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ ഇസ്‌ലാമിക സമാജത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നു:

'മുസ്‌ലിമീങ്ങൾ എല്ലാവരും ഏത് ദേശക്കാരായിരുന്നാലും ഏത് സഭക്കാരായിരുന്നാലും ഏതിനക്കാരായിരുന്നാലും ഒരേ സമാജക്കാർ തന്നെയാണ് എന്ന നിലയിൽ തന്നെയായിരിക്കണം എന്ന് പ്രത്യേകം വെളിപ്പെടുന്നു. നമ്മുടെ തൽക്കാലമുള്ള ഉദ്ദേശ്യവും മുസ്‌ലിമീങ്ങൾ തമ്മിലുള്ള തർക്കം,വഴക്ക്, പിണക്കം മുതലായ ദുഷ്കർമ്മങ്ങളെയെല്ലാം അവർ വിട്ടൊഴിഞ്ഞ് സകലരും പരസ്പരം യോജിച്ച് ദീനുൽ ഇസ്‌ലാമിനെയും മുസ്‌ലിം ജനസമുദായത്തെയും ശക്തിപ്പെടുത്തി മികവാക്കി ഉന്നത സ്ഥിതിയിലുറപ്പിക്കുവാൻ ഉത്സാഹിക്കണം എന്നുള്ളതാകുന്നു.'[71]

ഇസ്‌ലാമിൽ ആത്മാർഥതയും ഉദാത്തമായ ധാർമിക വിശുദ്ധിയും ഉള്ളതോടൊപ്പം സമുദായത്തെ ഏറ്റവും മികച്ച രീതിയിൽ ചലിപ്പിക്കാൻ ആവശ്യമായ എല്ലാതരം ഉപാധികളിലും ഉപകരണങ്ങളിലും യോഗ്യതയും കഴിവും ആർജിച്ച ഒരു വിശ്വാസിസംഘത്തെ വാർത്തെടുക്കണമെന്നു കൂടിയാണ് ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ ആഹ്വാനം ചെയ്തത്.

'പ്രാപ്തനായ നേതാവിനെ സ്വീകരിക്കാതെ മരണപ്പെടുന്നവൻ അജ്ഞാന കാലത്തെ മരണമാണ് പുൽകുന്നത്.'[72]

'നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക; ഉണക്ക മുന്തിരി പോലുള്ള തലയുള്ള ഒരു എത്യോപ്യൻ അടിമയാണ് നിങ്ങൾക്ക് നിയുക്തനാകുന്നതെങ്കിൽ പോലും.'[73]

'അനുസരണത്തിൽ നിന്ന് വ്യതിചലിച്ച് സമാജത്തെ ഉപേക്ഷിക്കുന്നവൻ അജ്ഞാന കാലത്തെ മരണം വരിക്കേണ്ടി വരും.'[74]

'മൂന്ന് പേർ വിജന പ്രദേശത്ത് കഴിയുകയാണെങ്കിൽ പോലും അതിലൊരാളെ നേതാവാക്കണം.'[75]

ഒരു നൂറ്റാണ്ടുകാലം മുമ്പ് ദൗത്യം മറന്ന് അനൈക്യത്തിലാണ്ടു കിടന്നിരുന്ന ഈ സമുദായത്തിന്റെ നേതാക്കളെന്നവകാശപ്പെട്ടിരുന്ന അൽപജ്ഞരായ ആളുകളെ ഹമദാനി തങ്ങൾ വിമർശിക്കുന്നത് നോക്കുക:

'നമ്മുടെ ഇടയിലുള്ള സമുദായ നേതാക്കന്മാരെന്ന് നടിക്കുന്ന ചില ആളുകൾ കുരുടന്മാരായ[76] വിദ്വാന്മാരുടെ സ്ഥിതിയെന്താണെന്ന് അൽപം ഓർത്തു നോക്കട്ടെ.'[77]

## കാവ്യസൗന്ദര്യത്തിന്റെ ആശയാനുവാദം

വിശ്വാസ സ്നേഹത്തിന്റെ സൗന്ദര്യം അനാവരണം ചെയ്തുകൊണ്ട് ഗ്രന്ഥത്തിലുടനീളം നിറഞ്ഞുനിൽക്കുന്ന ക്വുർആൻ-ഹദീഥ് വചനങ്ങൾക്ക് പുറമെ ഗ്രന്ഥത്തിന്റെ മുപ്പത്തിമൂന്നാം താളിൽ നാലാം ഖലീഫ അലിയ്യുബ്ൻ അബീത്വാലിബ്ﷺവിന്റെ പേരിലറിയപ്പെടുന്ന[78] മൂന്നു വരി കവിതാശകലം പരിഭാഷ സഹിതം നൽകിയിരിക്കുന്നത് ഈ ഗ്രന്ഥത്തെ മനോഹരമാക്കിയിട്ടുണ്ട്. ആ വരികൾ ഹമദാനി തങ്ങൾ ഇങ്ങനെ മൊഴിമാറ്റം ചെയ്തു:

(1) സർവ വിലക്കപ്പെട്ട കാര്യങ്ങളെയും വിലക്കി വിരോധിക്കുന്നവരായ ഏതൊരു പുരുഷാത്മാക്കളുടെ സൽകർമങ്ങളെ പിന്തുടരപ്പെടുന്നുവോ അവർ കാലം കഴിഞ്ഞുപോയിരിക്കുന്നു.[79]

(2) സംശയ സ്ഥലത്തെ തൊട്ടു കഷ്ടത നീക്കാൻ വേണ്ടി ചിലർ മറ്റു ചിലരെ ഭംഗിയാക്കി പറയുന്നവരുടെ പിൻവഴികളിൽ ഞാൻ ജീവിച്ചിരിക്കുന്നു.[80]

(3) അവർ രാജപാത വിട്ട് ഇടവഴികളിൽ കടന്നതുമൂലം വഴിപിഴച്ചവരായി പോയിരിക്കുന്നു.[81]

## സ്നേഹദൂതിന്റെ ദിവ്യദീപ്തി

ഇസ്‌ലാമിക സ്നേഹത്തിന്റെ പ്രഫുല്ലമായ ഇന്ദ്രിയാനുഭവങ്ങൾ പങ്കുവെക്കുന്ന പ്രവാചക വചനങ്ങൾ ഹമദാനി തങ്ങൾ സന്ദർഭോചിതമായി ചേർത്തുവെക്കുന്നത് വായനക്കാരുടെ മനസ്സുകളിൽ അവാച്യമായ അനുഭൂതികളിലൂടെ പുതിയൊരു ജീവിതത്തിന്റെ ബീജാങ്കുരണം നിർവഹിക്കുക തന്നെ ചെയ്യും. അവയ്ക്ക് മുൻകാല അറബി പണ്ഡിതന്മാർ നൽകിയ പ്രസക്തമായ വിശദീകരണങ്ങളും അന്യത്ര ചേർത്തിട്ടുണ്ട്. സ്നേഹമസൃണമായി പരസ്പരം ആശ്ലേഷിക്കുകയും കാൽപാദങ്ങളും ചുമലുകളും പരസ്പരം ഒട്ടിനിന്നുകൊണ്ട് ഏകമനസ്സോടെ സർവാധിനാഥന്റെ മുമ്പിൽ നമസ്കാരം നിർവഹിക്കുകയും ചെയ്യുന്ന സമത്വസുന്ദര സമൂഹത്തെ സർവശക്തന്റെ സഹായത്തോടെ സമാധാനത്തിന്റെ തിരുദൂതർ യാഥാർഥ്യമാക്കിയത് ദൈവിക സന്ദേശങ്ങൾ സമാജത്തിന് സ്നേഹത്തിൽ ചാലിച്ചുനൽകിക്കൊണ്ടായിരുന്നുവ

ല്ലോ. ഇവ്വിഷയകമായി ഹമദാനി ശൈഖിന്റെ ഗ്രന്ഥത്തിൽ നൽകിയിട്ടുള്ള ചില ദൈവവാക്യങ്ങളുടെയും പ്രവാചക വചനങ്ങളുടെയും സാരാംശം ഇവിടെ സംഗ്രഹിക്കാം:

'തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു.'[82]

'സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാകുന്നു'[83]

ഈ വിശുദ്ധ വേദവാക്യമാണ് ഇസ്‌ലാമിക ഐക്യത്തിന്റെയും വിശ്വാസ സാഹോദര്യത്തിന്റെയും കേന്ദ്ര സ്രോതസ്സ്. അതിനാൽ അദ്ദേഹം അതിന് പ്രാഥമ്യം നൽകി.

അതിന്റെ വിശദീകരണമെന്നോണം പിന്നീട് ചേർത്ത പ്രവാചക വചനങ്ങൾ ഇനി പറയുന്നവയാണ്:

'സത്യവിശ്വാസികൾ തമ്മിലുള്ള പരസ്പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അനുകമ്പയുടെയും ഉദാഹരണം ഒരൊറ്റ ശരീരം പോലെയാണ്. അതിൽ ഒരു അവയവത്തിന് രോഗം ബാധിച്ചാൽ ബാക്കി ശരീരവും ഉറക്കമൊഴിച്ചും പനിച്ചും ദുഃഖത്തിൽ പങ്കുകൊള്ളും.'[84]

'ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് കെട്ടിടം പോലെയാണ്. അത് പരസ്പരം ബലപ്പെടുത്തുന്നു.'[85]

'അല്ലാഹുവിന്റെ ദാസൻമാരേ, നിങ്ങൾ സഹോദരങ്ങളാവുക. ഒരു മുസ്‌ലം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവനോട് അക്രമം കാണിക്കുകയില്ല; അവനെ കൈവെടിയുകയില്ല, അവനെ നിസ്സാരനായി കാണുകയില്ല.' എന്നിട്ട് മൂന്ന് തവണ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് പ്രവാചകൻﷺ പറഞ്ഞു: 'ഇവിടെയാണ് തഖ്‌വ. തന്റെ സഹോദരനായ മുസ്‌ലിമിനെ നിന്ദിക്കുന്നതു തന്നെ തിന്മയായി ഒരാൾക്ക് മതി. തന്റെ സഹോദരന്റെ രക്തവും സമ്പത്തും അഭിമാനവുമെല്ലാം ഓരോ മുസ്‌ലിമിനും നിഷിദ്ധമാണ്.'[86]

'സമാജം ക്ഷേമൈശ്വര്യ സമ്പത്താകുന്നു.'[87]

'സമാജം അല്ലാഹുവിന്റെ കാരുണ്യവും കക്ഷിത്വം ശിക്ഷയുമാകുന്നു.'[88]

'രണ്ടു പേർ അല്ലാഹുവിന്റെ കാര്യത്തിൽ പരസ്പരം സ്നേഹിക്കുമ്പോൾ തന്റെ സ്നേഹിതനോട് ഏറ്റവും കൂടുതൽ സ്നേഹം വെച്ചുപുലർത്തുന്നവനാരോ അവനെയാണ് അല്ലാഹു എറ്റവുമധികം സ്നേഹിക്കുക.'[89]

'തീർച്ചയായും അല്ലാഹുവിന്റെ സിംഹാസനത്തിന് ചുറ്റും ചില പ്രകാശഗോപുരങ്ങളുണ്ടായിരിക്കും. അവിടെയുള്ള ആളുകളുടെ വസ്ത്രം പ്രകാശമാണ്. അവരുടെ മുഖങ്ങളും പ്രകാശമാണ്. അവർ പ്രവാചകന്മാരോ രക്തസാക്ഷികളോ അല്ല. എന്നാൽ പ്രവാചകന്മാരും രക്തസാക്ഷികളും ഇവരുടെ അവസ്ഥയിൽ സന്തോഷിക്കും.' അനുചരന്മാർ പ്രവാചകനോട് ചോദിച്ചു: 'അവരെപ്പറ്റി ഒന്ന് വിവരിക്കാമോ?' പ്രവാചകൻ പ്രതിവചിച്ചു: 'അവർ അല്ലാഹുവിന്റെ കാര്യത്തിൽ പരസ്പരം സ്നേഹിക്കുന്നവരും അവന്റെ കാര്യത്തിൽ ഒരുമിച്ചിരിക്കുന്നവരും അല്ലാഹുവിന്റെ കാര്യത്തിൽ പരസ്പരം സന്ദർശിക്കുന്നവരുമാണ്.'[90]

പ്രവാചകാനുചരന്മാരായ അബൂഇദ്‌രീസുൽ ഖൗലാനിؓയും മുആദ്ബ്‌ൻ ജബൽؓഉം തമ്മിലുണ്ടായിരുന്ന ഊഷ്മളമായ വിശ്വാസസ്നേഹ ബന്ധത്തിന്റെ ചരിത്രം സമകാലിക മുസ്‌ലിംകൾക്ക് മാതൃകയാകും വിധം ഹമദാനി ശൈഖ് ഉദ്ധരിക്കുന്നുണ്ട്:

"തീർച്ചയായും പ്രതാപിയും മഹാനുമായ അല്ലാഹു അരുൾ ചെയ്തിരിക്കുന്നു: 'എനിക്കു വേണ്ടി പരസ്പരം സ്നേഹിക്കുന്നവർ എന്റെ സ്നേഹത്തിന് അർഹരായിരിക്കുന്നു. എനിക്കു വേണ്ടി ഒന്നിച്ച് അണിനിരക്കുന്നവർ എന്റെ സ്നേഹത്തിന് അർഹരായിരിക്കുന്നു. എനിക്കു വേണ്ടി പരസ്പരം സന്ദർശി

**പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും സുരഭില സൗന്ദര്യം കൊണ്ട് ആരെയും ആകർഷിക്കാൻ ഇസ്‌ലാമിന് കഴിയണം. ഈ ഒരു നിലപാടുതറയിൽ നിന്നുകൊണ്ടാണ്, ഒരു നൂറ്റാണ്ട് മുമ്പത്തെ കേരള മുസ്‌ലിം സമാജത്തിന്റെ കഴിവും കഴിവുകേടും വിശകലനം ചെയ്തുകൊണ്ട്, നിഖില മേഖലകളിലും എഴുന്നുനിൽക്കാൻ അതിനെ പ്രാപ്തമാക്കുന്ന എല്ലാ പ്രായോഗിക പദ്ധതികളും 'ഇൽഫതുൽ ഇസ്‌ലാം' എന്ന തന്റെ സർവതല സ്പർശിയായ രചനാ വിസ്മയത്തിലൂടെ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ മുന്നോട്ടുവെക്കുന്നത്.**

ക്കുന്നവർ എന്റെ സ്നേഹത്തിന് അർഹരായിരിക്കുന്നു. എനിക്കു വേണ്ടി പരസ്പരം വിനിമയം ചെയ്യുന്നവർ എന്റെ സ്നേഹത്തിന് അർഹരായിരിക്കുന്നു. എനിക്കു വേണ്ടി പരസ്പരം സഹായിക്കുന്നവർ എന്റെ സ്നേഹത്തിന് അർഹരായിരിക്കുന്നു.''[91]

'പ്രവാചകൻﷺ അനുചരനായ അബൂദർറുൽ ഗിഫാരി(റ)യോട് ചോദിച്ചു:

വിശ്വാസപാശങ്ങളിൽ അതിബലിഷ്ഠമായതേതാണ്?'

അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനും തിരുദൂതർക്കും മാത്രമാണ് അതറിയുക.'

തിരുദൂതർ അരുളി: 'അല്ലാഹുവിന്റെ കാര്യത്തിലുള്ള മൈത്രീബന്ധം. അല്ലാഹുവിന്റെ വിഷയത്തിലുള്ള ശത്രുത. അല്ലാഹുവിന്റെ കാര്യത്തിലുള്ള സ്നേഹം. അല്ലാഹുവിന്റെ കാര്യത്തിലുള്ള കോപം.'[92]

**മുസ്‌ലിം സംഘടനയുടെ ലക്ഷ്യങ്ങൾ**

സംഘടനയുടെ നിർവചനം അദ്ദേഹം ആദ്യം തന്നെ വ്യക്തമാക്കുന്നു:

'പ്രജകളിൽ യോഗ്യന്മാരായ ഏതാനും ചിലർ കൂടി പൊതുജന ക്ഷേമത്തിനു വേണ്ടിയോ പ്രത്യേകം ഒരു സമുദായത്തിനു വേണ്ടിയോ പ്രതിപാദ്യ വിഷയങ്ങളോടുകൂടി ചെയ്യുന്ന ഏതു തരത്തിലുള്ള ജനക്കൂട്ടത്തിനും 'സംഘം' അഥവാ 'സമാജം' അല്ലെങ്കിൽ 'സഭ' എന്ന് പറയാവുന്നതാണ്.'[93]

സംഘങ്ങൾ എന്ന പ്രയോഗം സഹകരണ മേഖലയിലും സഭകൾ എന്ന വാക്ക് ക്രൈസ്തവ സംഘടനകൾക്കും സമാജങ്ങൾ എന്ന പദം ഹൈന്ദവ സംഘടനകൾക്കും പിന്നീട് കൂടുതൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടതുകൊണ്ട് ഹമദാനിയുടെ ഈ നിർവചനം ഇക്കാലത്ത് സ്വതന്ത്രമായ ചട്ടക്കൂട്ടിൽ തന്നെ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. ഇസ്‌ലാമിക സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്ര കൃത്യമായിട്ടാണ് ഹമദാനി തങ്ങൾ ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് നോക്കുക:

'ഇപ്രകാരമുള്ള സംഘത്തിന്റെ ഉദ്ദേശം സമുദായ അംഗങ്ങളുടെ ഇടയിലുള്ള അന്ധവിശ്വാസവും ദുർഗുണം, ദുഷ്കർമ്മം മുതലായവകളെയും ദൂരീകരിക്കുന്നതിനും വിദ്യാഭ്യാസ പ്രചാരണത്തെയും ഐകമത്യത്തെയും പരസ്പര സഹായത്തെയും ഉണ്ടാക്കുന്നതിനും ആകുന്നു. എന്ന് മാത്രമല്ല, മനുഷ്യൻ തന്റെ സ്വഭാവഗുണത്തെ പരിഷ്കരിച്ച് നന്നാക്കുന്നതിനും താൻ ഇഹപര ശിക്ഷയിൽനിന്ന് രക്ഷ പ്രാപിക്കുന്നതിനും തന്റെ ബഹുമാനപ്പെട്ടവയെ ബഹുജന ഹൃദയങ്ങളിൽ ബലമായി സ്ഥാപിക്കുന്നതിനും വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതുമാകുന്നു. മറ്റു ജീവികൾക്ക് പ്രസ്തുത വിഷയങ്ങളിൽ ഒന്നിലും ഏതൊരു ചിന്തയും ഇല്ലാത്തവകളും ആകുന്നു.'[94]



പരിഷ്കരണവും പരിവർത്തനവും മനുഷ്യസമാജത്തിന്റെ മാത്രം സഹജ സവിശേഷതകളാണല്ലോ. ആയിരം വർഷം മുമ്പത്തെ പശുജീവിതം ഇന്നും അശേഷം വ്യത്യാസപ്പെട്ടുകാണാത്തതും അതുകൊണ്ട് തന്നെയാണല്ലോ. എന്നിരിക്കെ, പരിവർത്തന സജ്ജമല്ലാത്ത സമാജത്തെ മാനവികമെന്ന് വിശേഷിപ്പിക്കുന്നതെങ്ങനെ?!

**ഈജിപ്തിലെ ഇസ്‌ലാമിക സമാജം**

'ഇസ്‌ലാം സമാജം എന്നതിന്റെ ഉത്ഭവസ്ഥാനം ഈജിപ്ത് ആകുന്നു. ആരംഭത്തിൽ കേവലം മതസംബന്ധമായിരുന്ന ഈ സമാജത്തിന്റെ ഉദ്ദേശ്യം ഇസ്‌ലാമിലെ പരസ്പര വൈരികളായ അവാന്തര മതക്കാരെ എല്ലാം ഒന്നായി കൂട്ടിയിണക്കിച്ചേർക്കൽ, അല്ലെങ്കിൽ ഏറെക്കാലമായി നഷ്ടപ്പെട്ടുപോയിരിക്കുന്ന ഇസ്‌ലാമിലെ പൂർവൈശ്വര്യത്തെ പുനരുജ്ജീവിപ്പിക്കുക എന്നുള്ളതായിരുന്നു.'[95]

തുടർന്ന് ഇസ്‌ലാമിക സമാജം യാഥാർഥ്യമാകുന്നതിന് വേണ്ടി സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയും[96] ശൈഖ് മുഹമ്മദ് അബ്ദുവും[97] സയ്യിദ് റശീദ് റിദയും[98] അബ്ദുറഹ്മാൻ കവാകിബിയും[99] ചെയ്ത പരിശ്രമങ്ങൾ വിവരിക്കുന്നുണ്ട്. ആ അവസരം മുതലെടുക്കാൻ വേണ്ടി ഉസ്മാനി ഭരണാധികാരിയായിരുന്നു സുൽത്താൻ അബ്ദുൽ ഹമീദ്[100] കാണിച്ച തന്ത്രജ്ഞതയും ഹമദാനി ഇൽഫതുൽ ഇസ്‌ലാമിൽ വിവരിക്കുന്നുണ്ട്.

## ആധാര സൂചിക

(71) 'അൽ ഇൽഫതുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ,' ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ. സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅതുസ്സലാഹിയ്യ ലിത്തോ പ്രസ്സ്. ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 26,27.

(72) പ്രവാചകാനുചരനായ മുആവിയത്ത്ബ്നു അബീസുഫ്‌യാൻﷺൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. പ്രഗത്ഭ ഹദീഥ് പണ്ഡിതനായ ഇമാം അഹ്മദുബ്ൻ ഹൻബൽ 'മുസ്‌നദുൽ ഇമാം അഹ്മദ്' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 16434 ആയി ഉദ്ധരിച്ചത്.

ഇതേ ആശയത്തിൽ വ്യത്യസ്ത പദങ്ങളോടുകൂടിയ ഹദീഥുകൾ പ്രവാചകാനുചരന്മാരായ അബൂ ഹുറയ്റﷺ, അബ്ദുല്ലാഹിബ്നു ഉമറുബ്നുൽ ഖത്വാബ്ﷺ എന്നിവരിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

(73) പ്രവാചകാനുചരനായ അനസുബ്നു മാലിക്ﷺവിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. പ്രസിദ്ധ ഹദീഥ് പണ്ഡിതനായ ഇമാം ബുഖാരി 'സ്വഹീഹുൽ ബുഖാരി' എന്ന പേരിൽ അറിയപ്പെട്ട 'അൽ ജാമിഉൽ മുസ്‌നദുസ്സ്വഹീഹുൽ മുഖ്ത്വസ്വറു മിൻ ഉമൂരി റസൂലില്ലാഹിﷺ വ സുനനിഹി വ അയ്യാമിഹി' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 6723 ആയി ഉദ്ധരിച്ചിട്ടുണ്ട്.

(74) പ്രവാചകാനുചരന്മാരിൽ വെച്ച് ഏറ്റവും കൂടുതൽ ഹദീഥുകൾ നിവേദനം ചെയ്ത അബൂഹുറൈറﷺൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം പ്രഗൽഭ ഹദീഥ് പണ്ഡിതനായ ഇമാം മുസ്‌ലിം 'സ്വഹീഹു മുസ്‌ലിം' എന്ന പേരിൽ പ്രസിദ്ധമായ 'അൽ മുസ്‌നദു സ്സ്വഹീഹുൽ മുഖ്ത്വസ്വറു മിനസ്സുനനി ബി നക് ലിൽ അദ്‌ലി മിനൽ അദ്‌ലി ഇലാ റസൂലില്ലാഹിﷺ' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 1248 ആയി ഉദ്ധരിച്ചത്.

(75) പ്രവാചകാനുചരനായ അബ്ദുല്ലാഹി ബ്നു അംറ്ﷺൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം പ്രഗൽഭ ഹദീഥ് പണ്ഡിതനായ ഇമാം അഹ് മദ് ബ്ൻ ഹൻബൽ 'മുസ്‌നദുൽ ഇമാം അഹ്മദ്' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ സ്വീകാര്യമായ പരമ്പരയോടെ നമ്പർ 13145 ആയി ഉദ്ധരിച്ചത്.

(76) അന്ധന്മാരായ. ലോകത്ത് നടക്കുന്ന മാറ്റങ്ങൾ നോക്കിക്കാണാൻ കൂട്ടാക്കാത്ത പണ്ഡിതവേഷധാരികളെയാണ് ഹമദാനി തങ്ങൾ ഈ പ്രയോഗത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

(77) അൽ ഇൽഫത്തുൽ ഇസ്‌ലാമിയ്യ ഫീ തഅ്‌ലീഫിൽ ഉഖുവ്വത്തിൽ ഈമാനിയ്യ, ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, സി.സൈദാലിക്കുട്ടി മാസ്റ്ററുടെ തിരൂർ കാവുങ്ങൽ പറമ്പ് മത്ബഅത്തുസ്വലാഹിയ്യ ലിത്തോ പ്രസ്സ്, ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 32.

(78) ആധികാരിക സാഹിത്യ പഠന ഗ്രന്ഥങ്ങളിൽ അബുൽ അസ്‌വദുദ്ദുഅലിയാണ് ഈ കവിതയുടെ കർത്താവ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഹിജ്റക്ക് 16 വർഷം മുമ്പ് ഇറാഖിലെ ബസ്വറയിൽ ജനിച്ച് ഹിജ്റ 69ൽ മരണപ്പെട്ട (എ.ഡി 603-688) ഉമവീ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയനായ അറബിഭാഷാ പണ്ഡിതനായിരുന്നു ദുഅലി. ബസ്വറയിലെ പ്രഭുവും വിധികർത്താവും ആയിരുന്നു. പ്രവാചകന്റെ ജീവിതകാലത്ത് തന്നെ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നുവെങ്കിലും പ്രവാചക സഹവാസമില്ലാത്തതിനാൽ പ്രവാചകനുചരന്മാരായ സ്വഹാബികളുടെ അനുഗാമികളായ താബിഉകളിൽ പ്രമുഖനായിട്ടാണ് അദ്ദേഹം പരിഗണിക്കപ്പെടുന്നത്. സാരസമ്പൂർണമായ നിരവധി കാവ്യങ്ങളുടെ സമാഹാരം തന്നെ രചിച്ചിട്ടുണ്ട്. അറബി വ്യാകരണത്തിന്റെ പിതാവായ അദ്ദേഹമാണ് അലിﷺവിന്റെ നിർദേശ പ്രകാരം വിശുദ്ധ ക്വുർആനിന്റെ ലിഖിത രൂപമായ മുസ്ഹഫിലെ അക്ഷരങ്ങൾ തയ്യാറാക്കുകയും നാം ഇന്ന് കാണുന്നത് പോലെ, അറബി അക്ഷരങ്ങളുടെ മുകളിൽ ഒന്ന് മുതൽ മൂന്ന് വരെയുള്ള പുള്ളികളും താഴെ ഒന്നോ രണ്ടോ പുള്ളികളും കൂട്ടിച്ചേർത്തത്. അദ്ദേഹത്തിന്റെ വ്യാകരണ രചനകളെ പ്രശംസിച്ചുകൊണ്ട് അലിﷺ നടത്തിയ പ്രസ്താവനയിലെ ഒരു പദപ്രയോഗത്തിൽ നിന്നാണ് അറബി വ്യാകരണത്തിന് 'നഹ്‌വ്' എന്ന പേര് വന്നത്.

(79) കവിതയിലെ ഒന്നാമത്തെ വരിയുടെ ആശയം ഇങ്ങനെ മനസ്സിലാക്കാം: അനുകരണീയമായ പ്രവൃത്തികൾ നിർവഹിക്കുകയും അതോടൊപ്പം സകല തിന്മകളെയും എതിർക്കുകയും ചെയ്തിരുന്നവരൊക്കെ മൺമറഞ്ഞുപോയി.

(80) കവിതയിലെ രണ്ടാമത്തെ വരിയുടെ ആശയം ഇതാണ്: അന്ത്യകാലമാകുമ്പോൾ സൽസ്വഭാവികൾക്ക് പകരം ദുഃസ്വഭാവികൾ നേതൃരംഗത്ത് വരുകയും നിലനിൽപിനു വേണ്ടി അവർ പരസ്പരം പ്രശംസിക്കുകയും ചെയ്യും.

(81) കവിതയിലെ മൂന്നാമത്തെ വരിയുടെ സാരം ഇതാണ്: സത്യത്തിന്റെ ഋജുവായ ഏകവഴി വിട്ട് ആകർഷണീയമായ വിവിധ അസത്യമാർഗങ്ങൾ സ്വീകരിക്കുന്നവർക്ക് ദൈവിക മാർഗദർശനം എന്ന മനുഷ്യജീവിതത്തിലെ ഏറ്റവും മഹത്തായ സൗഭാഗ്യം ലഭിക്കുകയില്ല തന്നെ.

(82) വിശുദ്ധ ക്വുർആൻ, അധ്യായം 3 ആലുഇംറാൻ, വചനം 19.

(83) വിശുദ്ധ ക്വുർആൻ, അധ്യായം 49 അൽഹുജുറാത്ത്, വചനം 10.

(84) പ്രവാചകാനുചരനായ നുഅ്മാനുബ്നു ബശീർﷺൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം പ്രഗത്ഭ ഹദീഥ് പണ്ഡിതനായ ഇമാം മുസ്‌ലിം 'സ്വഹീഹു മുസ്‌ലിം' എന്ന പേരിൽ പ്രസിദ്ധമായ 'അൽ മുസ്‌നദുസ്സ്വഹീഹുൽ മുഖ്ത്വസ്വറു മിനസ്സുനനി ബി നക്‌ലിൽ അദ്‌ലി മിനൽ അദ്‌ലി ഇലാ റസൂലില്ലാഹിﷺ' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 2586 ആയി ഉദ്ധരിച്ചത്.

ഇതേ ഹദീഥ് പ്രസിദ്ധ ഹദീഥ് പണ്ഡിതനായ ഇമാം ബുഖാരി 'സ്വഹീഹുൽ ബുഖാരി' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 6011 ആയും ഉദ്ധരിച്ചിട്ടുണ്ട്.

(85) പ്രവാചകാനുചരനായ അബൂ മൂസൽഅശ്അരിﷺയിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. 'സ്വഹീഹു മുസ്‌ലിം' നമ്പർ 2585 ആയി ഉദ്ധരിച്ചത്. ഇതേ ഹദീഥ് 'സ്വഹീഹുൽ ബുഖാരി'യിൽ നമ്പർ 2466 ആയും ഉദ്ധരിച്ചിട്ടുണ്ട്.

(86) പ്രവാചകാനുചരന്മാരിൽ പ്രസിദ്ധനായ അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം, 'സ്വഹീഹു മുസ്‌ലിം' നമ്പർ 2564 ആയി ഉദ്ധരിച്ചത്.

(87) പ്രവാചകാനുചരനായ നുഅ്മാനുബ്നു ബ

ശീർ(റ)ൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. ഇമാം അഹ്മദ്ബ്ൻ ഹൻബൽ തന്റെ 'മുസ്നദുൽ ഇമാം അഹ്മദ്' എന്ന ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 18449 ആയി ഉദ്ധരിച്ചത്. ശൈഖ് അൽബാനിയുടെ പ്രബല ഹദീഥുകളുടെ പരമ്പരയിൽ (സിൽസിലതുൽ അഹാദീഥിസ്സ്വഹീഹഃ എന്ന ഗ്രന്ഥ പരമ്പര) നമ്പർ 3014 ആയി ചേർത്തത്.

(88) പ്രവാചകാനുചരനായ നുഅ്മാനുബ്നു ബശീറിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. മുസ്നദുൽ ഇമാം അഹ്മദ്, ഹദീഥ് നമ്പർ 18472. ശൈഖ് അൽബാനിയുടെ 'സ്വഹീഹുത്തർഗീബ്' ൽ നമ്പർ 976 ആയി ചേർത്തത്.

(89) പ്രവാചകാനുചരനായ അനസ്ബ്നു മാലിക് (റ)ൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. ഇമാം ബുഖാരി 'അൽ അദബുൽ മുഫ്റദ്' എന്ന തന്റെ ഹദീഥ് സമാഹാര ഗ്രന്ഥത്തിൽ നമ്പർ 544 ആയി ഉദ്ധരിച്ചത്. ശൈഖ് അൽബാനിയുടെ പ്രബല ഹദീഥുകളുടെ പരമ്പരയിൽ നമ്പർ 450 ആയി ചേർത്തത്.

(90) പ്രസിദ്ധനായ പ്രവാചകനുചരൻ അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. ഇമാം ഇറാക്വീ 'തഖ്‌രീജുൽ ഇഹ്‌യാ' യിൽ നമ്പർ 2/198 ആയി ഉദ്ധരിച്ചത്. പരമ്പര പ്രബലമാണ്.

(91) പ്രവാചകാനുചരൻ അംറ്ബ്നു അബസ(റ)യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. ഇമാം ശുഐബുൽ അർനാഊത് 'തഖ്‌രീജുൽ മുസ്നദ്'ൽ നമ്പർ 19438 ആയി ഉദ്ധരിച്ചത്.പരമ്പര പ്രബലമാണ്.

(92) പ്രവാചകാനുചരനായ അബ്ദുല്ലാഹിബ്നു അബ്ബാസ്(റ)വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട പ്രവാചക വചനം. മുസ്നദുൽ ഇമാം അഹ്മദ് 2/480. ഇമാം ത്വബ്റാനി 'അൽ മുഅ്ജമുൽ കബീറി'ൽ നമ്പർ 11/215 ആയും ഉദ്ധരിച്ചത്. ശൈഖ് അൽബാനിയുടെ പ്രബല ഹദീഥുകളുടെ പരമ്പരയിൽ 998,1728 എന്നീ നമ്പറുകളിൽ ചേർത്തത്.

(93) 'അൽ ഇൽഫതുൽ ഇസ്ലാമിയ്യ...' ഒന്നാം പതിപ്പ്, ഹി.1334 റബീഉൽ ആഖർ/1916 ഫെബ്രുവരി, താൾ 46.

(94) അതേ അവലംബം, താൾ 46.

(95) അതേ അവലംബം, താൾ 47.

(96) 19ാം നൂറ്റാണ്ടിലെ മുസ്‌ലിം നവോത്ഥാന നായകനായിരുന്നു സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി. തത്ത്വചിന്തകൻ, എഴുത്തുകാരൻ, വാഗ്മി, പത്രപ്രവർത്തകൻ, രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിലും അദ്ദേഹം പ്രശസ്തനാണ്. ഒരു നൂറ്റാണ്ടു കാലത്തിനിടക്ക് മുസ്‌ലിം രാജ്യങ്ങളിൽ ഉയിർത്തെഴുന്നേറ്റ സ്വാതന്ത്ര്യ സമരങ്ങളിലും ഭരണഘടനാ പ്രസ്ഥാനങ്ങളിലും അഫ്ഗാനി വലിയ പങ്കു വഹിച്ചു. ഇരുപതാം നൂറ്റാണ്ടിൽ ഉയർന്നു വന്ന ഇസ്‌ലാമിക നവോത്ഥാന ശ്രമങ്ങളുടെ പ്രോൽഘാടകനായും അദ്ദേഹം അറിയപ്പെടുന്നു. പാൻ ഇസ്‌ലാമിസത്തിന്റെ ശക്തനായ വക്താവും അറബ്-ഇസ്‌ലാമിക രാജ്യങ്ങളിൽ ഉയർന്നു വന്ന അപകോളനീകരണ പ്രസ്ഥാനങ്ങളുടെ സൈദ്ധാന്തിക പ്രായോഗിക ആചാര്യനുമായിരുന്നു അദ്ദേഹം.

(97) ശൈഖ് മുഹമ്മദ് അബ്ദു (1845-1905). മത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ട ഈജിപ്ഷ്യൻ പണ്ഡിതൻ. ജമാലുദ്ദീൻ അഫ്ഗാനിയുടെ ശിഷ്യൻ. റശീദ് റിദയുടെ ഗുരുനാഥൻ.

(98) പ്രഗത്ഭനായ മുസ്‌ലിം പണ്ഡിതനായിരുന്ന മുഹമ്മദ് റശീദ് രിദ സിറിയയിലാണ് ജനിച്ചത്. പാരമ്പര്യ ഇസ്‌ലാമിക വിഷയങ്ങളിൽ വിദ്യാഭ്യാസം നേടിയ അദ്ദേഹം 1884-85 കാലത്ത് മുഹമ്മദ് അബ്ദുവും ജമാലുദ്ദീൻ അഫ്ഗാനിയും നടത്തിയിരുന്ന 'അൽഉർവതുൽവുഥ്ക്വാ' എന്ന പ്രസിദ്ധീകരണവുമായി ആദ്യമായി പരിചയപ്പെട്ടു. 1897ൽ സിറിയയിൽ നിന്ന് കൈറൊയിലേക്ക് പോയി. അവിടെ മുഹമ്മദ് അബ്ദുവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. അടുത്ത വർഷം തന്നെ 'അൽമനാർ' എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു. ക്വുർആൻ വ്യാഖ്യാനങ്ങൾ ഉൾപ്പെടെയുള്ള ഇസ്‌ലാമിക വിഷയങ്ങൾ കൈകാര്യം ചെയ്ത ഈ പ്രസിദ്ധീകരണം ആദ്യം ആഴ്ചപ്പതിപ്പായും ശേഷം മാസികയായും പ്രസിദ്ധീകരിച്ചു വന്നു. 1935 ൽ തന്റെ മരണം വരെ റശീദ് രിദ അൽമനാറിൽ തുടർന്നു. തന്റെ മുൻഗാമികളെ പോലെ തന്നെ റശീദ് രിദയും മുസ്‌ലിം സമൂഹത്തിലെ ദൗർബല്യങ്ങളായ പാശ്ചാത്യ കോളനിവത്കരണം, സ്വൂഫിസത്തിന്റെ അമിത കടന്നുകയറ്റം, അന്ധമായ അനുകരണം, പണ്ഡിതന്മാരുടെ നിർജീവത, ശാസ്ത്ര-സാങ്കേതിക രംഗത്ത് മുസ്‌ലിംകളുടെ പുരോഗതിയുടെ അഭാവംമൂലം ഉണ്ടായ പരാജയം തുടങ്ങിയ പ്രശ്നങ്ങളിൽ നിന്നുള്ള മോചനത്തിലായിരുന്നു ശ്രദ്ധകേന്ദ്രീകരിച്ചത്.

(99) അബ്ദുറഹ്മാൻ കവാകിബി (1849-1903), അറബ് ദേശീയതയുടെ വാക്താവ്. സിറിയൻ എഴുത്തുകാരൻ. മരണം കൈറോവിൽ. സ്ത്രീകളുടെ പൊതുപങ്കാളിത്തത്തിന്റെ കുറവിനെ മുസ്‌ലിം പിന്നാക്കാവസ്ഥയുടെ പ്രധാന കാരണമായി ദർശിച്ചു.

(100) തുർക്കിയിലെ 36ാമത്തെ ഉഥ്മാനിയാ സുൽത്താനായിരുന്നു അബ്ദുൽ ഹമീദ് രണ്ടാമൻ. ഉഥ്മാനിയാ സുൽത്താൻ അബ്ദുൽ മജീദ് ഒന്നാമന്റെ (182-361) അഞ്ചാമത്തെ പുത്രനായി 1842 സെപ്റ്റംബർ 21ന് ഇസ്താംബൂളിൽ ജനിച്ചു. മിദ്ഹത്ത് പാഷയുടെ നേതൃത്വത്തിൽ യുവതുർക്കികൾ സുൽത്താനായ മുറാദ് അഞ്ചാമനെ പുറത്താക്കിയതിനെത്തുടർന്ന് 1876 സെപ്റ്റംബർ 1ന് അബ്ദുൽ ഹമീദ് രണ്ടാമൻ സുൽത്താനായി അഭിഷിക്തനായി. ഉടനെതന്നെ ആദ്യത്തെ ഉഥ്മാനിയാ ഭരണഘടന 1876 ഡിസംബർ 23ന് പ്രഖ്യാപിച്ചു. ഇതനുസരിച്ച് ദ്വിമണ്ഡല നിയമസഭ തുർക്കിക്കുണ്ടായി. ആദ്യത്തെ നിയമസഭ 1877 മാർച്ച് 17ന് അഹമ്മദ് തൗഫീക്ക് പാഷായുടെ അധ്യക്ഷതയിൽ വിളിച്ചുകൂട്ടി.

രാഷ്ട്രീയത്തിലും ഭരണ നിർവഹണത്തിലും നിപുണനായിരുന്നു അബ്ദുൽ ഹമീദ് രണ്ടാമൻ. അദ്ദേഹത്തിന്റെ രാഷ്ട്രീയ വൈഭവത്തെ കുറിച്ച് ജമാലുദ്ദീൻ അഫ്ഗാനി വിവരിക്കുന്നത് കാണുക: 'ഒരു തട്ടിൽ സുൽത്താൻ അബ്ദുൽ ഹമീദിനെയും മറുതട്ടിൽ അക്കാലത്തെ നാല് പ്രമുഖവ്യക്തിത്വങ്ങളെയും നിർത്തി താരതമ്യം ചെയ്താൽ ബുദ്ധിയിലും തന്ത്രത്തിലും രാഷ്ട്രീയത്തിലും അവരെക്കാൾ മികച്ചു നിന്നിരുന്നത് അദ്ദേഹമായിരുന്നു. തന്നോടൊപ്പം ഇരിക്കുന്നവരെ കീഴ്പെടുത്തിയെടുക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേക കഴിവായിരുന്നു. എതിരാളികൾ പോലും അദ്ദേഹത്തിന്റെ സദസ്സിൽ നിന്ന് ഇറങ്ങിപ്പോയിരുന്നത് അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും ചര്യയിലും ന്യായങ്ങളിലും തൃപ്തരായിക്കൊണ്ടായിരുന്നു. രാഷ്ട്രീയത്തിന്റെ സൂക്ഷ്മമായ കാര്യങ്ങളെയും പാശ്ചാത്യ രാഷ്ട്രങ്ങളുടെ ലക്ഷ്യങ്ങളെയും കുറിച്ച് നന്നായി അറിയുന്ന ഒരാളായിട്ടാണ് ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. തന്റെ ഭരണത്തിന് മുന്നിലുള്ള ഏത് ഗർത്തത്തിൽ നിന്നും മോചനം നേടാനും മറികടക്കാനും സജ്ജനായിരുന്നു അദ്ദേഹം.'

ഡോ. മുഹമ്മദ് റാഫി.സി
rafichembra@gmail.com

ലേഖനം



# നനവുള്ള നാവും മയമുള്ള മനസ്സും

പരിശുദ്ധ റമദാൻ നമ്മെ തഴുകിത്തലോടി കടന്നുപോവുകയാണ്.

റമദാനിലേക്ക് പ്രവേശിച്ചതോടെ നമ്മുടെ മനസ്സും ശരീരവും മുമ്പില്ലാത്ത വിധം ആത്മീയ അനുഭൂതിയിലേക്ക് അടുത്ത് കഴിഞ്ഞിരിക്കുകയാണ്. ആരാധനകളുടെ സാകല്യത്തിലൂടെ നിരന്തരം കടന്നുപോയത് കാരണം നമ്മുടെ മനം നാമറിയാതെ മാലിന്യങ്ങളിൽ നിന്ന് ശുദ്ധമാകാൻ തയ്യാറെടുത്ത് കഴിഞ്ഞിരിക്കുകയാണ്. ഇനിയുള്ള ദിവസങ്ങളിൽ അവ ഉരസി കഴുകാൻ നാം തയ്യാറാകണം.

ഏതാണ് ആ ഉരകല്ല്? നിശ്ചയം, അവ ആരാധനകളാണ്.

മനസ്സിനെ കഴുകാനുള്ള ഘടകം.

അവ ഉപയോഗിച്ച് നമ്മുടെ മനസ്സിനെ ഉരച്ചു കഴുകി വെൺമയുള്ള വസ്ത്രം പോലെ തെളിഞ്ഞതും ശുദ്ധമായതും ആക്കി മാറ്റാൻ നമുക്ക് സാധിക്കണം.

ക്വുർആനാണ് മനസ്സിന്റെ പ്രതിസന്ധികൾക്കെല്ലാമുള്ള ശമനൗഷധം.

അല്ലാഹു പറഞ്ഞിരിക്കുന്നു; അവനെക്കുറിച്ചുള്ള സ്മരണ കൊണ്ടു മാത്രമെ നിങ്ങളുടെ മനസ്സ് ശാന്തിയടയുകയുള്ളൂ എന്ന്.

ക്വുർആൻ കൊണ്ട് ഈ റമദാനിൽ ആ ശാന്തിതീരത്തേക്ക് നാം സഞ്ചരിക്കണം.

അശാന്തമായ നമ്മുടെ മനസ്സുകങ്ങൾ സമാധാനത്തിന്റെ ശാദ്വല തീരത്തണയണം.

പ്രപഞ്ചനാഥനുമായുള്ള നമ്മുടെ സ്വകാര്യഭാഷണം ക്വുർആനിന്റെ ശ്രുതി മാധുര്യത്തിലൂടെ നടക്കട്ടെ.

സർവലോക പരിപാലകന്റെ ദൃഷ്ടാന്തങ്ങളെ കുറിച്ച് ചിന്തിച്ച് നമ്മുടെ ചിന്തകൾക്ക് തീ പിടിക്കട്ടെ.

വ്രതത്തിന്റെ കാഠിന്യത്താലും കഠിനമായ ചൂടിന്റെ കടുപ്പിനാലും വരണ്ടുപോയ നമ്മുടെ നാവും തൊണ്ടയും ക്വുർആൻ വചനങ്ങളാൽ തരളിതമായി മാറണം.

ക്വുർആനുമായി ബന്ധം പുലർത്താൻ നാം നിർവഹിക്കേണ്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ:

ക്വുർആൻ പാരായണം: പരമാവധി നന്നായി നിരന്തരം ക്വുർആൻ പാരായണം ചെയ്യാൻ റമദാനിൽ ശ്രമിക്കുക.

ക്വുർആൻ മുഴുവൻ ഓതിത്തീർക്കുക എന്നത് പ്രത്യേകം പ്രശംസാർഹമാണ്. അതിനാൽ ഖതം തീർക്കാൻ ശ്രമിക്കുക.

രാത്രികാലങ്ങളിൽ ക്വുർആൻ പാരായണത്തിന് പ്രത്യേകം ശ്രദ്ധിക്കുക. പകൽ നോമ്പും രാത്രി ക്വുർആനും റമദാനിന്റെ ചേരുവകളത്രെ.

സ്വുബ്ഹി സമയത്തെ ക്വുർആൻ പാരായണം മലക്കുകളുടെ സാക്ഷ്യമുള്ളതത്രെ.

പുതിയ കാലത്തെ ഉപകരണങ്ങൾ ക്വുർആൻ പാരായണത്തിന് നമ്മെ സഹായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ക്വുർആൻ മനഃപാഠമാക്കാൻ സമയം കണ്ടെത്തുക. നിശ്ചിത ഭാഗം ആദ്യമെ തീരുമാനിക്കുക.

ക്വുർആനിന്റെ ആശയതലങ്ങളിലൂടെ കടന്നുപോകാൻ പരിഭാഷകൾ ഉപയോഗിക്കുക.

ക്വുർആൻ വിവരണങ്ങൾ വായിച്ച് വചനങ്ങളുടെ വിശദീകരണം അറിയുക.

ക്വുർആൻ പരീക്ഷകളിൽ പങ്കെടുത്ത് അറിവ് വർധിപ്പിക്കുക.

ക്വുർആൻ ക്ലാസുകളിൽ പങ്കെടുക്കുക; റമദാനിൽ വിശേഷിച്ചും.

ക്വുർആൻ സൂക്തങ്ങളിൽ തദബ്ബുർ (ഗാഢമായ ചിന്ത) നടത്തുക.

നമ്മുടെ മനസ്സിന്റെ കുളിരായി, നാവിന്റെ നനവായി, പരലോകത്തെ ശുപാർശകനായി ക്വുർആനിനെ നമുക്ക് കണ്ടെത്താനാകും.



WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21


Nerpatham Weekly
Published on
25 MAY 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437




റമദാനിൽ പുറത്തിറങ്ങി...

# ഹദീസ് പാഠം

**വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ / വില: ₹ 80**

പ്രവാചകാധ്യാപനങ്ങൾ നിത്യപ്രസക്തമാണ്. ജീവിതത്തിന്റെ സർവതല സ്പർശിയായ അധ്യാപനങ്ങൾ കൊണ്ട് സമ്പന്നമായ ഹദീസിന്റെ പരിസരങ്ങളിലൂടെയുള്ള യാത്രയിൽ നവാനുഭൂതികളുടെ പുതിയ വൈജ്ഞാനിക ലോകമാണ് നാം ദർശിക്കുക. നമുക്ക് വേണ്ടതെല്ലാം വേണ്ടത്ര ഹദീസുകളിലുണ്ട്. പ്രവാചകാധ്യാപനങ്ങളിലൂടെ ആഴങ്ങളിലേക്കുള്ള സഞ്ചാരത്തിന് ഒരു കൈത്തിരിയാണ് ഈ കൃതി. മുപ്പത് ഹദീസുകളെ കുറിച്ച് ഭംഗിയായ വിശകലനം.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |